

VOL NO: 10 I ISSUE 12

# നേർപഥം വാരിക

www.nerpatham.com I mail@nerpatham.com
2026 MARCH 21 I ₹10

പശ്ചിമേഷ്യൻ യുദ്ധം ആഗോള വിപണിയെ മാത്രമല്ല നാട്ടിൻപുറത്തെ അടുക്കളയെ വരെ ഗ്രസിച്ചു കഴിഞ്ഞു. അന്താരാഷ്ട്ര കവലച്ചട്ടമ്പികളെ ഭരണമേൽപ്പിച്ച ലോകരാജ്യങ്ങളുടെ ദുരഭിമാനത്തിന് മാനവരാശി നൽകിയ കനത്ത വിലയെ കുറിച്ച് മുമ്പും നാം ഏറെ ചർച്ച ചെയ്തതാണ്. അതിന്റെ ഏറ്റവും വിനാശകരമായ മറ്റൊരു പതിപ്പാണ് അങ്കിൾ സാമും സാമന്ത പുത്രനും ചേർന്ന് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്.

## പശ്ചിമേഷ്യയിലെ യുദ്ധസാഹചര്യവും പ്രത്യാഘാതങ്ങളും

### സൈനബും അബുൽആസും; അനശ്വരമായൊരു പ്രണയകഥ

### റമദാനിൽ നേടിയെടുത്തത് മുറുകെപ്പിടിക്കുക

### മുസ്‌ലിംകളും സസ്യശാസ്ത്രവും

മുഫീദ് പാലക്കാഴി ● ഡോ. മറിയാമു ● യൂസുഫ് സാഹിബ് നദ്‌വി

WISDOM students

# കുട്ടിക്കളിയല്ല സോഷ്യൽ മീഡിയ

## സംസ്ഥാന ക്യാമ്പയിൻ

## ഉദ്ഘാടനം

**2026 മാർച്ച് 29 ഞായർ**

വൈകുന്നേരം 5 മണി

## കോഴിക്കോട്

WISDOM ISLAMIC STUDENTS ORGANISATION
CV COMPLEX, PV SWAMI ROAD - CALICUT

# 478

# നേർപഥം വാരിക

2026 മാർച്ച് 21
1447 ശവ്വാൽ 02
പുസ്തകം 10 / ലക്കം 12

Managing Editor: **Nasir Balusseri**
Editor: **Usman Palakkazhi**
Chief Editor: **Anil Primrose**
Cover: **Anil**
Design & Layout: **Musthafa Mannarottil**
Web Editor: **Haseeb Elayur**
Printed, published & owned by: **K. Sajjad**
Printed at : **Sprint Offset Printers, Kozhikode**
Published at : **Kozhikode - 673 002**







മുഫീദ് പാലക്കാഴി

പശ്ചിമേഷ്യൻ യുദ്ധം ആഗോള വിപണിയെ മാത്രമല്ല നാട്ടിൻപുറത്തെ അടുക്കളയെ വരെ ഗ്രസിച്ചു കഴിഞ്ഞു. അന്താരാഷ്ട്ര കവലച്ചട്ടമ്പികളെ ഭരണമേൽപ്പിച്ച ലോകരാജ്യങ്ങളുടെ ദുരഭിമാനത്തിന് മാനവരാശി നൽകിയ കനത്ത വിലയെ കുറിച്ച് മുമ്പും നാം ഏറെ ചർച്ച ചെയ്തതാണ്. അതിന്റെ ഏറ്റവും വിനാശകരമായ മറ്റൊരു പതിപ്പാണ് അങ്കിൾ സാമും സാമന്ത പുത്രനും ചേർന്ന് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്.

**05** മുഖമൊഴി
തന്നിഷ്ടത്തിന്റെ പാത വിജയത്തിലേക്കല്ല

**06** ലേഖനം
പാപക്കറകൾ മായ്ക്കുന്ന കണ്ണീർത്തുള്ളികൾ
അനസ് അൽഹികമി, വെട്ടത്തൂർ

**08** ലേഖനം
ഇസ്‌ലാമിക വൈദ്യത്തിന്റെ മാനുഷിക മാനങ്ങൾ
ഡോ. ടി. കെ. യൂസുഫ്

**09** കവിത
അമ്മിക്കല്ല്
തെസ്‌നി വീരാൻ

**15** ചരിത്രപഥം
സൈനബും അബുൽആസും; അനശ്വരമായൊരു പ്രണയകഥ
ഇ.യൂസുഫ് സാഹിബ് നദ്‌വി, ഓച്ചിറ

**18** ലേഖനം
മുസ്‌ലിംകളും സസ്യശാസ്ത്രവും
ഡോ. ടി. കെ. യൂസുഫ്

**21** ക്വുർആൻ ദർശനം -തഫ്‌സീറുസ്സഅ്ദി
സൂറതുന്നംല്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**24** ആരോഗ്യപഥം
ഡൗൺ സിൻഡ്രോം: തിരിച്ചറിയേണ്ട വസ്തുതകൾ
ഡോ. മറിയാമു

**26** ലേഖനം
റമദാനിൽ നേടിയെടുത്തത് മുറുകെപ്പിടിക്കുക
റോഷൻ പുനലൂർ

**29** വിമർശനം
സമസ്ത 'കേരള യാത്രകൾ' സമൂഹത്തിന് സമ്മാനിച്ചതെന്ത്?
മൂസ സ്വലാഹി കാര

**32** വിമർശനം
സ്രഷ്ടാവിന്റെ അനുഗ്രഹങ്ങളും മനുഷ്യന്റെ നന്ദികേടും
ഇഅ്ജാസ് ബിൻ ഇസ്മാഈൽ, മസ്കത്ത്

**34** ബാലപഥം
ഉമ്മ
ഹുസ്ന മലോറം

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# പള്ളിയും കുട്ടികളും

നേർപഥം' ലക്കം 477ൽ നുബ്‌ല എം എഴുതിയ 'പള്ളികൾ കുഞ്ഞുങ്ങളുടെത് കൂടിയാണ്' എന്ന കുറിപ്പ് സമകാലികവും ശ്രദ്ധേയവുമായിരുന്നു. പള്ളിയുമായി ബന്ധപ്പെട്ട് വിശ്വാസികൾ മനസ്സിലാക്കേണ്ട ചില കാര്യങ്ങൾ ലഘുവായി അതിൽ പരാമർശിച്ചിട്ടുണ്ട്. പള്ളിയിൽ കുട്ടികളെ കാണുമ്പോഴേക്കും അവരെ മുഷിപ്പോടെ നോക്കുന്നവരുടെ കൺതുറപ്പിക്കാൻ ഇതൊരു വെളിച്ചമാകട്ടെ. പ്രസ്തുത കുറിപ്പിന് അനുകൂലമായും പ്രതികൂലമായുമുള്ള അഭിപ്രായങ്ങൾ സാമൂഹ്യ മാധ്യമങ്ങളിലൂടെ പ്രചരിക്കുന്നുണ്ട്.

കുട്ടികൾ; അവർ പള്ളിയിലായാലും അല്ലെങ്കിലും അവരോട് നബി(സ്വ) കാണിച്ച ദയയും കാരുണ്യവും നമുക്ക് പാഠങ്ങളാണ്. പ്രസ്തുത ലേഖനത്തിൽ പറയാൻ വിട്ടുപോയ ചില കാര്യങ്ങളാണ് ഇവിടെ പരാമർശിക്കുന്നത്. കുട്ടികളുമായി പള്ളിയിലെത്തുന്ന ഉമ്മമാർ തങ്ങളുടെ ഉത്തരവാദിത്തത്തിൽനിന്ന് ഒഴിഞ്ഞു മാറേണ്ടവരല്ല എന്ന ബോധ്യപ്പെടുത്തലുകൾ കൂടി ആവശ്യമാണ്.

നബി(സ്വ) കുട്ടികളുടെ വിഷയത്തിൽ കാണിച്ച ഇളവുകളൊന്നും തന്നെ കുട്ടികളെ പള്ളിയിൽ ബഹളമുണ്ടാക്കി കളിക്കാൻ വിടുന്നതിനെ പ്രോത്സാഹിപ്പിച്ചുകൊണ്ടുള്ളതല്ല എന്നത് വ്യക്തമാണ്. വകതിരിവെത്തിയ കുട്ടികൾ പോലും കൂട്ടുകൂടി ബഹളമുണ്ടാക്കി നമസ്‌കരിക്കുന്നവരെ പ്രയാസപ്പെടുത്തുന്ന അവസ്ഥ കാണുമ്പോൾ സൗമ്യമായി അവരെ തിരുത്തേണ്ടതുണ്ട്. അവരോട് പരുഷമായി പെരുമാറരുത്. അത് അവരെ പള്ളിയോടും മതത്തോടും തന്നെ അകൽച്ചയുണ്ടാക്കാൻ കാരണമായേക്കാം; പ്രത്യേകിച്ച് ലിബറലിസം പടരുന്ന ഇന്നത്തെ സാഹചര്യത്തിൽ. പള്ളിയിൽ മൂത്രമൊഴിച്ച ഗ്രാമീണനെ പോലും നബി(സ്വ) മാന്യമായും സ്‌നേഹത്തോടെയുമാണ് തിരുത്തിക്കൊടുത്തത് എന്ന കാര്യം ഓർക്കുക.

പള്ളികൾ അല്ലാഹുവിന്റേതാണെന്നും മറ്റേത് സ്ഥലങ്ങളെക്കാളും പവിത്രതയുള്ളതാണെന്നും മക്കളെ പഠിപ്പിക്കാനും മാതൃകയാക്കാനുമായിരിക്കണം അവരെ കൂടെ കൂട്ടുന്ന ഉമ്മമാരും ഉപ്പമാരും ശ്രദ്ധിക്കേണ്ടത്. അതുവഴിയാണ് അവർക്ക് ജമാഅത്തായി നമസ്‌കരിക്കുന്നതിനുള്ള പ്രായോഗിക പരിശീലനം ലഭിക്കുന്നതും പള്ളിയിൽ പാലിക്കേണ്ട മര്യാദകൾ മനസ്സിലാക്കാൻ കഴിയുന്നതും. കുഞ്ഞുമക്കന ധരിപ്പിച്ച് കൂടെ കൂട്ടി തന്നോടൊപ്പം പെൺകുട്ടികളെ സ്വഫ്ഫിൽ ചേർത്തുനിറുത്തി മാതൃക കാണിക്കുന്ന ഉമ്മമാരും നമുക്കിടയിലുണ്ട്.

കുട്ടികളെ പള്ളിയിൽ കൊണ്ടുവന്ന് വിടുകയും ശേഷം അവർ എന്തു വികൃതി കാണിച്ചാലും അത് കാണാത്ത ഭാവം നടിക്കുകയും ചെയ്യുന്ന സ്വഭാവം ശരിയല്ല. അവരെ പിന്തിരിപ്പിക്കേണ്ട ബാധ്യത പള്ളിയിലേക്ക് കൊണ്ടുവന്ന പിതാവിനോ മാതാവിനോ തന്നെയാണ്. അവർ തിരുത്തിക്കൊടുക്കുകയുമില്ല, മറ്റുള്ളവർ അതിനു ശ്രമിച്ചാൽ അതിൽ അതൃപ്തി കാണിക്കുകയും ചെയ്യും; ഈ നിലപാട് നന്നല്ല.

കുട്ടികളെ പള്ളിയിൽ കൊണ്ടുവരാം എന്നതിന് ഒരുപാട് തെളിവുകൾ കാണാൻ കഴിയും. കുട്ടികളായ ഹസൻ(റ)വിനെയും ഹുസൈൻ(റ)വിനെയും നബി (സ്വ) പള്ളിയിലേക്ക് കൊണ്ടുവന്നിരുന്നു (അബൂദാവൂദ്: 1109). നമസ്‌കാരം തുടങ്ങി നബി (സ്വ) സുജൂദിലേക്ക് പോയാൽ സാധാരണ കുട്ടികൾ പുറത്തുകയറി കളിക്കുന്നത് പോലെ നബി (സ്വ)യുടെ മുതുകത്ത് കയറി അവർ കളിക്കാറുണ്ടായിരുന്നു (നസാഈ: 1141) നബി(സ്വ) തന്റെ പേരക്കുട്ടിയായ ഉമാമ(റ)യെ പള്ളിയിലേക്ക് കൊണ്ടുവരികയും എടുത്ത് നമസ്‌കരിക്കുകയും സുജൂദിലേക്ക് പോകുമ്പോൾ നിലത്ത് വെക്കുകയുമൊക്കെ ചെയ്തിരുന്നു (ബുഖാരി: 516).

കുട്ടികളെ പള്ളിയിലേക്ക് കൊണ്ടുവരാമെന്നതിന് തെളിവാണിതെല്ലാം. എന്നാൽ, പള്ളിയിലേക്ക് കുട്ടികളെ കൊണ്ടുവരുന്നവർ അനിവാര്യമായും അവരെ ശ്രദ്ധിക്കുകയും അവർക്ക് മര്യാദ പഠിപ്പിച്ചു കൊടുക്കുകയും പള്ളിയുടെ കാര്യങ്ങൾ ബോധ്യപ്പെടുത്തി കൊടുക്കുകയും ചെയ്യണം. നിയന്ത്രിക്കാൻ കിട്ടാത്ത, നമസ്‌കരിക്കുന്നവരെ ദേഹോപദ്രവമേൽപിക്കുക പോലും ചെയ്യുന്ന കുട്ടികളുടെ കാര്യത്തിൽ മാതാപിതാക്കൾ യുക്തമായ തീരുമാനമെടുക്കണം.

**-നസീമ വാടാനപ്പള്ളി**

# തന്നിഷ്ടത്തിന്റെ പാത വിജയത്തിലേക്കല്ല

ഇഹലോക ജീവിതം സുഖവും സന്തോഷവും മാത്രം നിറഞ്ഞതല്ല. ലാഭവും നഷ്ടവും സുഖവും ദുഃഖവും ജയവും പരാജയവും ജീവിതത്തിന്റെ ഭാഗമാണ്. പ്രതിസന്ധികളെ തരണം ചെയ്യാനുള്ള മനക്കരുത്തില്ലാത്തവർക്ക് ജീവിത വിജയം കൈവരിക്കാനാവില്ല.

ബന്ധപ്പെടുന്ന എല്ലാ മേഖലകളിലും വിജയവും നേട്ടവും കൈവരിക്കാൻ നാം ആഗ്രഹിക്കുന്നു. കച്ചവടത്തിലും ജോലിയിലും പഠനത്തിലും കുടുംബജീവിതത്തിലും എന്നുവേണ്ട, ഇഹത്തിലും പരത്തിലും നമുക്ക് വിജയമാണ് ലക്ഷ്യം. പരാജയം നാം ഇഷ്ടപ്പെടുന്നേയില്ല. എങ്കിൽ അടിസ്ഥാനപരമായി നമ്മിൽ ഉണ്ടായിരിക്കേണ്ട ഒരു സദ്ഗുണമാണ് മനസ്സിനെ പതറാതെ നിയന്ത്രിച്ചുനിറുത്താൻ സാധിക്കുകയെന്നത്.

സർവശക്തൻ നമുക്ക് ഇച്ഛാസ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. സന്മാർഗവും ദുർമാർഗവും വ്യക്തമാക്കിത്തന്നിട്ടുണ്ട്. ആത്യന്തിക വിജയത്തിന്റെ മാർഗവും പരാജയത്തിന്റെ മാർഗവും നമുക്ക് തിരഞ്ഞെടുക്കാം. നമ്മെ പരാജയത്തിന്റെ പടുകുഴിയിലേക്ക് ചാടിക്കുക നമ്മുടെ വികല വിശ്വാസങ്ങളും ദുഷ്ചെയ്തികളുമാണ്. വിജയത്തിലേക്ക് നയിക്കുക സത്യവിശ്വാസവും സൽകർമങ്ങളുമാണ്.

ഇഹലോകത്ത് തെറ്റുകുറ്റങ്ങളും അക്രമവും ചെയ്താൽ പിന്തുണ നൽകുവാനും സഹായിക്കുവാനും ആരെങ്കിലുമൊക്കെ ഉണ്ടാകും. എന്നാൽ പരലോകത്ത് നമ്മെ രക്ഷിക്കുവാൻ ആരുമുണ്ടാകില്ല. അവിടെ രക്ഷിക്കാൻ ഇഹലോകത്തെ വിശ്വാസത്തിലധിഷ്ഠിതമായ സൽകർമങ്ങൾ മാത്രമെ ഉണ്ടാകൂ.

ഈ ബോധ്യം നമുക്കുണ്ടെങ്കിൽ നമ്മുടെ ജീവിതത്തിൽ അതിന്റെ പ്രതിഫലനമുണ്ടാകും. നമ്മെ രക്ഷിക്കാൻ ഉറ്റവരും ഉടയവരും പാർട്ടിക്കാരുമൊന്നും ഉണ്ടാകില്ല എന്ന ബോധ്യം നമ്മെ രക്ഷിക്കാൻ നാം അധ്വാനിക്കുന്നതിലേക്ക് നമ്മെ നയിക്കും.

സ്വന്തം മനസ്സിനെ നിയന്ത്രിച്ചു നിർത്തുവാൻ സാധിക്കുക എന്നതാണ് ഏറെ പ്രധാനം. അല്ലാഹു പറയുന്നു: "ആര് അതിരുകവിയുകയും ഇഹലോകജീവിതത്തിനു കൂടുതൽ പ്രാധാന്യം നൽകുകയും ചെയ്തുവോ (അവന്ന്) കത്തിജ്വലിക്കുന്ന നരകം തന്നെയാണ് സങ്കേതം. അപ്പോൾ ഏതൊരാൾ തന്റെ രക്ഷിതാവിന്റെ സ്ഥാനത്തെ ഭയപ്പെടുകയും മനസ്സിനെ തന്നിഷ്ടത്തിൽനിന്ന് വിലക്കിനിർത്തുകയും ചെയ്തുവോ (അവന്ന്) സ്വർഗം തന്നെയാണ് സങ്കേതം" (ക്വുർആൻ 79:37-41).

തന്നിഷ്ടങ്ങൾക്കനുസരിച്ച് ജീവിക്കൽ അപകടകരമാണ്. മനസ്സിനെ നിയന്ത്രിച്ച് പക്വതയുടെ പാത തിരഞ്ഞെടുത്ത് ജീവിക്കുകയാണ് വിജയമാഗ്രഹിക്കുന്നവർ ചെയ്യേണ്ടത്. തിന്മയിലേക്ക് കുതറിയോടുവാൻ വെമ്പൽ കൊള്ളുന്ന മനസ്സിനെ കടിഞ്ഞാണിട്ട് തടഞ്ഞുനിറുത്താനുള്ള ശേഷിയുണ്ടാകണം. അധർമത്തിലേക്ക് നമ്മെ മാടിവിളിക്കുന്ന സാഹചര്യങ്ങളും പ്രേരകങ്ങളുമുണ്ടാവും നമുക്കുചുറ്റും. അവയെ ശക്തമായി പ്രതിരോധിക്കുവാൻ സാധിക്കണം.

ഓരോരുത്തരും അവനവനിലേക്ക് തന്നെ നോക്കുക. നിഷ്പക്ഷമായി സ്വയം വിലയിരുത്തുക. മനസ്സിനെ നിയന്ത്രിക്കാൻ കഴിഞ്ഞാൽ എല്ലാം നമുക്ക് അനുകൂലമായി മാറും. അതിനായി നിരന്തരം പ്രാർഥിക്കുക. ■




# പാപക്കറകൾ മായ്ക്കുന്ന കണ്ണീർത്തുള്ളികൾ

## അനസ് അൽഹികമി, വെട്ടത്തൂർ

രാത്രിയുടെ യാമങ്ങൾ നിശ്ശബ്ദമാകുമ്പോൾ, ലോകം ഉറക്കത്തിലേക്ക് വഴുതിവീഴുമ്പോൾ, എന്നെങ്കിലും സ്വന്തം മനസ്സിനുനേരെ ഒരു കണ്ണാടി പിടിച്ചുനോക്കിയിട്ടുണ്ടോ? തിരക്കുകൾ ഒഴിഞ്ഞ, ബഹളങ്ങളില്ലാത്ത ആ ഏകാന്തതയിൽ, സ്വന്തം ഹൃദയമിടിപ്പിന്റെ ശബ്ദം മാത്രം കേൾക്കുന്ന നിമിഷങ്ങളിൽ, മനസ്സ് നമ്മോട് ചിലത് പറയാറില്ലേ? ചെയ്തുപോയ അബദ്ധങ്ങളുടെ, ആരും കാണാതെ പോയ പാപങ്ങളുടെ, തിരുത്താൻ കഴിയാത്ത തെറ്റുകളുടെ കരിനിഴലുകൾ ആ മനസ്സിനെ വല്ലാതെ ഭാരപ്പെടുത്തുന്നില്ലേ? ചിലപ്പോൾ ഒരു വലിയ പാറക്കല്ല് നെഞ്ചിൽ കയറ്റിവെച്ചതുപോലൊരു ശ്വാസംമുട്ടൽ അനുഭവപ്പെടാറില്ലേ?

‘എനിക്കിനി രക്ഷയുണ്ടോ,’ ‘റബ്ബ് എനിക്ക് മാപ്പുതരുമോ’ തുടങ്ങിയ ചോദ്യങ്ങൾ ഉള്ളിന്റെയുള്ളിൽ നിന്ന് ഒരു വിങ്ങലായി ഉയരുന്നുണ്ടോ?

മരണമെന്ന യാഥാർഥ്യം ഏതു നിമിഷവും വാതിലിൽ മുട്ടിയേക്കാം. ഖബ്റാകുന്ന ഇരുട്ടറയിൽ തനിച്ചാകുമ്പോൾ കൂട്ടിനുണ്ടാകുക നാം ചെയ്ത സൽകർമങ്ങൾ മാത്രമായിരിക്കും. എന്നാൽ, നമ്മുടെ ഏടുകൾ നിറയെ പാപങ്ങളാണെങ്കിലോ?

നിരാശപ്പെടേണ്ടതില്ല, കാരുണ്യവാനായ അല്ലാഹു നമുക്കായി ഒരു വാതിൽ മലർക്കെ തുറന്നിട്ടിട്ടുണ്ട്. അതാണ് 'ഇസ്തിഗ്ഫാർ' (പാപമോചനം തേടൽ).

**കണ്ണീരുകൊണ്ട് പാപങ്ങളെ കഴുകിക്കളയാനുള്ള അവസരം**

വെറുക്കപ്പെട്ടവനിൽനിന്ന് ഇഷ്ടപ്പെട്ടവനിലേക്ക്  ഒരു അടിമയെ ഉയർത്തുന്ന അത്ഭുതമാണത്. പാപങ്ങൾ ചെയ്തുകൂട്ടി, ഇനി മടങ്ങാൻ വഴിയുണ്ടോ എന്ന് ഭയന്നു നിൽക്കുന്നവരോട് കാരുണ്യവാനായ അല്ലാഹുവിന്റെ മറുപടി എത്ര സ്നേഹനിർഭരമാണ്! അല്ലാഹു പറയുന്നു: "സ്വന്തത്തോട് അതിക്രമം പ്രവർത്തിച്ച എന്റെ ദാസന്മാരേ, അല്ലാഹുവിന്റെ കാരുണ്യത്തെ ത്തൊട്ട് നിങ്ങൾ നിരാശരാകരുത്. തീർച്ചയായും അല്ലാഹു പാപങ്ങളെല്ലാം പൊറുക്കുന്നവനാണ്. അവൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു" (ക്വുർആൻ 39:53).

അല്ലാഹുവിന്റെ വാഗ്ദാനം നോക്കൂ: "ഹേ മനുഷ്യാ! നീ എന്നോട് പ്രാർഥിക്കുകയും എന്നിൽ പ്രതീക്ഷയർപ്പിക്കുകയും ചെയ്യുന്ന കാലത്തോളം, നീ ചെയ്തത് എന്തൊക്കെയാണെങ്കിലും ഞാനത് പൊറുത്തുതരും; എനിക്കതിൽ ഒരു മടിയുമില്ല. ഹേ മനുഷ്യാ,! നിന്റെ പാപങ്ങൾ ആകാശത്തോളമെത്തിയാലും, നീ എന്നോട് പാപമോചനം തേടിയാൽ നിനക്ക് ഞാൻ പൊറുത്തുതരും' (തിർമിദി).

ഇസ്തിഗ്ഫാർ (പാപമോചനം) എന്നത് പരലോകത്തേക്കുള്ള ഒരു കരുതൽ മാത്രമല്ല, മറിച്ച് ഈ ലൗകിക ജീവിതത്തിലെ സകല പ്രതിസന്ധികൾക്കുമുള്ള ഒറ്റമൂലി കൂടിയാണ്. പ്രവാചകൻ(സ്വ) അരുളുന്നു: 'ആരെങ്കിലും ഇസ്തിഗ്ഫാർ പതിവാക്കിയാൽ, എല്ലാ പ്രയാസങ്ങളിൽനിന്നും അല്ലാഹു അവന് മോചനം നൽകും. എല്ലാ ദുഃഖങ്ങളിൽനിന്നും അവന് ആശ്വാസം നൽകും. അവൻ വിചാരിക്കാത്ത വഴിയിലൂടെ അവന് ഉപജീവനം നൽകുകയും ചെയ്യും" (അബൂദാവൂദ്).

സമ്പത്തും സന്താനങ്ങളുമടക്കമുള്ള ഭൗതികമായ പല അനുഗ്രഹങ്ങളും ലഭിക്കുവാൻ നൂഹ് നബി(അ) തന്റെ ജനതയോട് പറഞ്ഞത് കാണുക: "നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പാപമോചനം തേടുക. തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനാകുന്നു. എങ്കിൽ അവൻ നിങ്ങൾക്ക് ആകാശത്തുനിന്ന് ധാരാളമായി മഴ അയച്ചുതരും. സ്വത്തുക്കളും സന്താനങ്ങളും കൊണ്ട് അവൻ നിങ്ങളെ സഹായിക്കുകയും നിങ്ങൾക്കവൻ തോട്ടങ്ങളും അരുവികളും ഉണ്ടാക്കിത്തരികയും ചെയ്യും" (ക്വുർആൻ 71:10-12).

മഴ ലഭിക്കാനും ശാരീരികമായ കരുത്ത് വർധിക്കാനും ഹൂദ് നബി(അ) നിർദേശിച്ച മാർഗവും ക്വുർആൻ പഠിപ്പിക്കുന്നുണ്ട്: "നിങ്ങൾ അവനിലേക്ക് ഖേദിച്ചുമടങ്ങുക. എങ്കിൽ അവൻ നിങ്ങൾക്ക് ആകാശത്തുനിന്ന് സമൃദ്ധമായി മഴ അയച്ചുതരികയും നിങ്ങളുടെ ശക്തിയിലേക്ക് അവൻ കൂടുതൽ ശക്തി കൂട്ടിത്തരികയും ചെയ്യും" (ഹൂദ്: 52).

മനുഷ്യരെ വഴിതെറ്റിക്കുമെന്ന് ശപഥം ചെയ്തവനാണ് പിശാച്. എന്നാൽ അവനെ തോൽപിക്കാൻ അല്ലാഹു നൽകിയ ആയുധമാണ് ഇസ്തിഗ്ഫാർ. ഒരു ഹദീസിൽ ഇപ്രകാരം കാണാം: "പിശാച് അല്ലാഹുവിനോട് പറഞ്ഞു: 'നിന്റെ പ്രതാപമാണ് സത്യം! നിന്റെ ദാസന്മാരുടെ ആത്മാവ് അവരുടെ ശരീരത്തിലുള്ള കാലത്തോളം ഞാൻ അവരെ വഴിപിഴപ്പിച്ചുകൊണ്ടേയിരിക്കും.' അപ്പോൾ അല്ലാഹു പറഞ്ഞു:

‘എന്റെ പ്രതാപവും മഹത്ത്വവുമാണ് സത്യം! അവർ എന്നോട് പാപമോചനം തേടുന്ന കാലത്തോളം ഞാൻ അവർക്ക് പൊറുത്തു കൊടുത്തുകൊണ്ടേയിരിക്കും” (അഹ്മദ്).

പിശാച് മനുഷ്യരെക്കൊണ്ട് തെറ്റ് ചെയ്യിക്കാൻ ശ്രമിക്കും. എന്നാൽ തോറ്റുകൊടുക്കരുത്. ഓരോ തവണ വീഴുമ്പോഴും ഇസ്തിഗ്ഫാറിലൂടെ എഴുന്നേൽക്കുക. പിശാചിന്റെ നടുവൊടിക്കുന്ന പ്രഹരമാണത്.

നാം ചെയ്യുന്ന ഓരോ തെറ്റും നമ്മുടെ ഹൃദയത്തിൽ ഓരോ പാട് വീഴ്ത്തുന്നുണ്ട്. നബി(സ്വ) പറഞ്ഞു: “ഒരു അടിമ തെറ്റ് ചെയ്താൽ അവന്റെ ഹൃദയത്തിൽ ഒരു കറുത്ത പുള്ളി വീഴുന്നു. അവൻ അത് ഉപേക്ഷിക്കുകയും പാപമോചനം തേടുകയും പശ്ചാത്തപിക്കുകയും ചെയ്താൽ അവന്റെ ഹൃദയം മിനുക്കപ്പെടും. എന്നാൽ അവൻ തെറ്റിലേക്ക് മടങ്ങിയാൽ ആ പുള്ളി വലുതാകും. അങ്ങനെ അത് അവന്റെ ഹൃദയത്തെ മൂടും” (തിർമിദി).

തെറ്റുകൾ ചെയ്ത് ഹൃദയം കറുത്തുപോവുകയും ഉൾക്കൊള്ളാൻ കഴിയാത്തവിധം കടുത്തുപോകുകയും ചെയ്താൽ കണ്ണീരിൽ കുതിർന്ന ഇസ്തിഗ്ഫാർ പരിഹാരമാണ്. തുരുമ്പുപിടിച്ച ഇരുമ്പിനെ മിനുക്കിയെടുക്കുന്നതുപോലെ, ഇസ്തിഗ്ഫാർ നമ്മുടെ ഹൃദയത്തെ വെട്ടിത്തിളങ്ങുന്നതാക്കി മാറ്റും.

പാപം ചെയ്ത ഉടനെ നെഞ്ച് പിടയുകയും ‘നാഥാ എനിക്ക് തെറ്റുപറ്റി’ എന്നു പറഞ്ഞ് സുജൂദിൽ വീഴുകയും ചെയ്യുന്നവനെ അല്ലാഹുവിന് ഏറെ ഇഷ്ടമാണ്. രാവിന്റെ അന്ത്യയാമങ്ങളിൽ, ലോകം ഉറങ്ങിക്കിടക്കുമ്പോൾ, ഏകാന്തതയിൽ ഇരുന്ന് റബ്ബിനോട് മാപ്പിരക്കുന്നതിന്റെ സുഖം ഒന്ന് വേറെത്തന്നെയാണ്. ഖുർആൻ സ്വർഗാവകാശികളെ വിശേഷിപ്പിക്കുന്നത് ഇങ്ങനെയാണ്: “രാത്രിയിൽ അൽപസമയം മാത്രമെ അവർ ഉറങ്ങാറുണ്ടായിരുന്നുള്ളൂ. രാത്രിയുടെ അന്ത്യവേളകളിൽ അവർ പാപമോചനം തേടുന്നവരുമായിരുന്നു” (51:17-18).

ഈ വരികൾ വായിക്കുമ്പോൾ, നമ്മുടെ മനസ്സ് പിടയുന്നുണ്ടെങ്കിൽ, അത് ഈമാനുള്ള ഹൃദയത്തിന്റെ ലക്ഷണമാണ്. അല്ലാഹു നമ്മെ തിരിച്ചുവിളിക്കുകയാണ്. പാപങ്ങളിൽ മുഴുകി, ദൈവത്തോട് അകന്ന്, സമാധാനമില്ലാതെ അലയുന്ന ജീവിതം നമുക്ക് വേണ്ട.

ഒന്ന് ആലോചിച്ചു നോക്കൂ! ഇന്ന് രാത്രി മലക്കുൽ മൗത്ത് നമ്മുടെ ആത്മാവിനെ പിടിക്കാൻ വന്നാൽ, അല്ലാഹുവിന്റെ മുന്നിൽ കാണിക്കാൻ നമ്മുടെ കയ്യിൽ എന്തുണ്ട്? ‘നാളെ നന്നാകാം’ എന്നു പറഞ്ഞ് നമ്മൾ മാറ്റിവെക്കുന്ന ആ ‘നാളെ’ ഒരുപക്ഷേ, നമ്മുടെ കലണ്ടറിൽ ഉണ്ടാവണം എന്നില്ല. അതുകൊണ്ട്, മരണസമയത്ത് ‘റബ്ബേ, എനിക്കൊരൽപം സമയം നീട്ടിത്തരുമോ, ഞാൻ നല്ലവനായി ജീവിച്ചോളാം’ എന്ന് കെഞ്ചുന്നതിന് മുമ്പ് നമുക്ക് ഇന്നേ മടങ്ങാം.

ഒരു റമദാൻ കൂടി നമുക്ക് ലഭിച്ചു. കറപിടിച്ച ഹൃദയങ്ങളെ കണ്ണീരിൽ കുതിർന്ന പാപമോചന തേട്ടം കൊണ്ട് വെളുപ്പിക്കാൻ നമുക്ക് ഈ റമദാനിൽ സാധിച്ചുവോ?

പാപസുരക്ഷിതനായ നബി(സ്വ) പോലും ദിവസവും നൂറു തവണ പാപമോചനം തേടാറുണ്ടായിരുന്നുവെങ്കിൽ, നമ്മൾ എത്രമാത്രം അല്ലാഹുവിലേക്ക് മടങ്ങണം!

ചെയ്ത തെറ്റുകളെ ഓർത്ത് ഹൃദയം പൊട്ടി കരയാം. ഇനി ആ തെറ്റിലേക്ക് ഒരിക്കലും മടങ്ങില്ലെന്ന് ഉറച്ച തീരുമാനമെടുക്കാം. എല്ലാ പാപങ്ങളിൽ നിന്നും പരിപൂർണമായി വിട്ടുനിൽക്കാം.

■



# അമ്മിക്കല്ല്

തെസ്ന വീരാൻ


പ്രായമേറെയായേലും പരിഭവം
പറയാതൊതുതുങ്ങിക്കൂടിയിന്ന്.
നെഞ്ചത്തിട്ട് ഉള്ളികളൊരുപാട്
ചതഞ്ഞമർന്നപ്പോൾ
നെഞ്ചു കലങ്ങീല ,കണ്ണൊലിച്ചീല.
ചുവപ്പും പച്ചയും മുളകുകൾ
പലതരം ചാടിക്കളിച്ചു
പൊടിഞ്ഞു തീർന്നപ്പോൾ
ചുട്ടെരിച്ചിലു കാട്ടാതെ
മലർന്നു കിടന്നിരുന്നു.
തേങ്ങയും മാങ്ങയും പലതും
കൂട്ടിക്കിഴിച്ച് വലിയ ചമ്മന്തിയുരുള
ശിഷ്ടമായപ്പോഴും
വല്യ അഭിമാനമായിരുന്നു
കിട്ടിയ ഉത്തരം;
ഞാനില്ലായിരുന്നേൽ
കാണാം എന്ന അഹങ്കാരത്തിന്റെ
എരിവും പുളിയും!
കാലം ഓടിയൊളിച്ചപ്പോൾ
കോലംകെട്ടി വന്ന ചില
പുതുമുഖങ്ങൾ വീടിനകവും
മനസ്സിനിടവും പിടിച്ചെടുത്തു.
പിന്നെപ്പിന്നെ അരയാതായി,
പൊടിയാതായി, ചതയതായി!
അന്നായിരുന്നു മേനിയാകെ
നോവിൽ നീറിയത്.
നെഞ്ചത്ത് കേറ്റി വച്ച ഭാരങ്ങളെക്കാൾ
അഴുക്കും പൊടിയും പോയകാലം
പൊടി തട്ടിയപ്പോഴായിരുന്നു
ആദ്യമായി കണ്ണെരിഞ്ഞത്!
കഴിഞ്ഞ കാലത്തെ രുചികൾ
കൂട്ടിക്കിഴിച്ച് ഉത്തരമില്ലാതാകുമ്പോൾ,
വെറും പൂജ്യമായി മൂലക്കൽ
ചലനം നിലച്ചു മലർന്നു കിടക്കുന്നു
മരിച്ചിട്ടും മരിക്കാത്തവതായി!



# പശ്ചിമേഷ്യയിലെ യുദ്ധസാഹചര്യവും പ്രത്യാഘാതങ്ങളും

മുഫീദ് പാലക്കാഴി
: 9207520344

പശ്ചിമേഷ്യൻ മേഖലയിൽ ഈ വർഷത്തിന്റെ തുടക്കത്തിൽ സംജാതമായ യുദ്ധസാഹചര്യം ആഗോള രാഷ്ട്രീയത്തിലും സാമ്പത്തിക ക്രമത്തിലും വലിയ ചലനങ്ങളാണ് സൃഷ്ടിച്ചിരിക്കുന്നത്. ഇസ്രായേലും അമേരിക്കയും സംയുക്തമായി ഇറാനുനേരെ നടത്തിയ സൈനിക നീക്കങ്ങളും അതിനെത്തുടർന്നുണ്ടായ പ്രത്യാക്രമണങ്ങളും മേഖലയെ ഒരു സമ്പൂർണ യുദ്ധത്തിന്റെ വക്കിലെത്തിച്ചിരിക്കുന്നു. ഈ സാഹചര്യം കേവലം ഒരു പ്രാദേശിക തർക്കത്തിനപ്പുറം, സാമ്രാജ്യത്വ താൽപര്യങ്ങൾ,



ആയുധക്കച്ചവടം, മതപരമായ ആശയസംഘട്ടനങ്ങൾ, പ്രവാസി സമൂഹത്തിന്റെ സുരക്ഷ എന്നിവയുമായി ഇഴചേർന്നു കിടക്കുന്നു. ഇന്ത്യയെ-പ്രത്യേകിച്ച് കേരളത്തെ-സംബന്ധിച്ചിടത്തോളം ഈ പ്രതിസന്ധി അങ്ങേയറ്റം ഗൗരവകരമാണ്. ദശലക്ഷക്കണക്കിന് പ്രവാസികളുടെ ജീവിതവും രാജ്യത്തിന്റെ ഊർജ സുരക്ഷയും ഈ മേഖലയിലെ സമാധാനവുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

**യുദ്ധ സാഹചര്യവും നിലവിലെ അവസ്ഥയും: 2026-ലെ സംഘർഷം**


ഫെബ്രുവരി 28ന് അമേരിക്കയും ഇസ്രായേലും സംയുക്തമായി നടത്തിയ 'ഓപ്പറേഷൻ എപ്പിക് ഫ്യൂറി' (Operation Epic Fury) എന്ന സൈനിക നീക്കത്തോടെയാണ് പശ്ചിമേഷ്യയിലെ സംഘർഷം പുതിയ ഘട്ടത്തിലേക്ക് പ്രവേശിച്ചത്. ഇറാന്റെ ആണവ പദ്ധതിയോടുള്ള ദീർഘകാലമായുള്ള എതിർപ്പും മേഖലയിലെ ഇറാന്റെ സ്വാധീനം കുറയ്ക്കാനുള്ള ശ്രമങ്ങളുമാണ് ഈ ആക്രമണത്തിന് പിന്നിലെ പ്രധാന പ്രേരണകൾ. ആക്രമണത്തിന്റെ ആദ്യ മണിക്കൂറുകളിൽ തന്നെ ഇറാന്റെ പരമോന്നത നേതാവ് അലി ഖാംനഈ വധിക്കപ്പെട്ടത് ഇറാനിൽ വലിയ ഭരണപ്രതിസന്ധിയും ശൂന്യതയും സൃഷ്ടിച്ചിട്ടുണ്ട്.

ഇറാന്റെ ഭാഗത്തുനിന്നുണ്ടായ പ്രത്യാക്രമണങ്ങൾ ഇസ്രായേലിനും മേഖലയിലെ അമേരിക്കൻ താൽപര്യങ്ങൾക്കും വലിയ ഭീഷണിയാണ് ഉയർത്തുന്നത്. നൂറുകണക്കിന് ബാലസ്റ്റിക് മിസൈലുകളും ആയിരക്കണക്കിന് ഡ്രോണുകളും ഉപയോഗിച്ചാണ് ഇറാൻ പ്രതികരിച്ചത്. ഇത് ഗൾഫ് മേഖലയിലെ സമാധാനാന്തരീക്ഷത്തെ തകർക്കുകയും ആഗോള എണ്ണവിപണിയെ അസ്ഥിരപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

**ആയുധക്കച്ചവടത്തിന്റെ പങ്ക്**

പശ്ചിമേഷ്യയിലെ പ്രശ്നങ്ങൾ സങ്കീർണമാക്കുന്നതിൽ അമേരിക്കയുടെയും ഇസ്രായേലിന്റെയും ഇടപെടലുകൾക്ക് വലിയ പങ്കുണ്ട്. രാജ്യങ്ങൾക്കിടയിൽ ഭിന്നതയുണ്ടാക്കി തങ്ങളുടെ ആയുധക്കച്ചവടത്തിനും രാഷ്ട്രീയ ആധിപത്യത്തിനുമായി അവർ ശ്രമിക്കുന്നതായി നിരീക്ഷിക്കപ്പെടുന്നു. ഇറാന്റെ ആണവ ഭീഷണി ഉയർത്തിക്കാട്ടുന്നത് ആയുധക്കച്ചവടത്തിനുള്ള ഒരു മറയായി ഉപയോഗിക്കപ്പെടുന്നുണ്ട്. യുദ്ധം പൊട്ടിപ്പുറപ്പെട്ടതിന് പിന്നാലെ ആഗോള ആയുധ നിർമാണ കമ്പനികളുടെ ഓഹരി വിപണിയിലുണ്ടായ കുതിച്ചുചാട്ടം ഇതിന് തെളിവാണ്. പെന്റഗണുമായി കരാറുള്ള പ്രമുഖ അമേരിക്കൻ കമ്പനികളുടെയും യൂറോപ്യൻ പ്രതിരോധ കമ്പനികളായ ബി.എ.ഇ സിസ്റ്റംസ് (BAE Systems), സാബ് (Saab) എന്നിവയു ടെയും വിപണിമൂല്യം വലിയ

**പശ്ചിമേഷ്യൻ യുദ്ധം ആഗോള വിപണിയെ മാത്രമല്ല നാട്ടിൻ പുറത്തെ അടുക്കളയെ വരെ ഗ്രസിച്ചു കഴിഞ്ഞു. അന്താരാഷ്ട്ര കവലച്ചട്ടമ്പികളെ ഭരണമേൽപ്പിച്ച ലോകരാജ്യങ്ങളുടെ ദുരഭിമാനത്തിന് മാനവരാശി നൽകിയ കനത്ത വിലയെ കുറിച്ച് മുമ്പും നാം ഏറെ ചർച്ച ചെയ്തതാണ്. അതിന്റെ ഏറ്റവും വിനാശകരമായ മറ്റൊരു പതിപ്പാണ് അങ്കിൾ സാമും സാമന്ത പുത്രനും ചേർന്ന് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്.**



**പശ്ചിമേഷ്യയിലെ പ്രശ്നങ്ങൾ സങ്കീർണമാക്കുന്നതിൽ അമേരിക്കയുടെയും ഇസ്രായേലിന്റെയും ഇടപെടലുകൾക്ക് വലിയ പങ്കുണ്ട്. രാജ്യങ്ങൾക്കിടയിൽ ഭിന്നതയുണ്ടാക്കി തങ്ങളുടെ ആയുധക്കച്ചവടത്തിനും രാഷ്ട്രീയ ആധിപത്യത്തിനുമായി അവർ ശ്രമിക്കുന്നതായി നിരീക്ഷിക്കപ്പെടുന്നു. ഇറാന്റെ ആണവ ഭീഷണി ഉയർത്തിക്കാട്ടുന്നത് ആയുധക്കച്ചവടത്തിനുള്ള ഒരു മറയായി ഉപയോഗിക്കപ്പെടുന്നുണ്ട്. യുദ്ധം പൊട്ടിപ്പുറപ്പെട്ടതിന് പിന്നാലെ ആഗോള ആയുധ നിർമാണ കമ്പനികളുടെ ഓഹരി വിപണിയിലുണ്ടായ കുതിച്ചുചാട്ടം ഇതിന് തെളിവാണ്.**



തോതിൽ വർധിച്ചു. യുദ്ധം നീണ്ടുനിൽക്കുന്നത് ഈ കമ്പനികൾക്ക് വലിയ ലാഭമുണ്ടാക്കാനുള്ള അവസരമായി മാറുന്നു. അമേരിക്കൻ വിദേശനയം പലപ്പോഴും തങ്ങളുടെ ആഭ്യന്തര സാമ്പത്തിക താൽപര്യങ്ങളാലും ആയുധ ലോബികളാലും സ്വാധീനിക്കപ്പെടുന്നു എന്ന ആരോപണം ഈ സാഹചര്യത്തിൽ പ്രസക്തമാണ്.

ഇറാന്റെ സ്വാധീനം കുറയ്ക്കുന്നതിലൂടെ മേഖലയിലെ എണ്ണസമ്പത്തിനു മേൽ കൂടുതൽ നിയന്ത്രണം നേടുക എന്നതും സാമ്രാജ്യത്വ ശക്തികളുടെ ലക്ഷ്യമാണ്. ഇറാൻ പിന്തുണയുള്ള ഹിസ്ബുല്ല, ഹൂതി തുടങ്ങിയ ഗ്രൂപ്പുകളെ തകർക്കുന്നതിലൂടെ ഇസ്രായേലിന് മേഖലയിൽ ഏകപക്ഷീയമായ അധികാരം ഉറപ്പിക്കാൻ സാധിക്കുമെന്നും ഇവർ കണക്കുകൂട്ടുന്നു.

**ശിയായിസവും ഇസ്‌ലാമും**

പശ്ചിമേഷ്യയിലെ രാഷ്ട്രീയ സാഹചര്യങ്ങൾ വിശകലനം ചെയ്യുമ്പോൾ ശിയാ ആശയങ്ങളും ഇസ്‌ലാമിക പ്രമാണങ്ങളും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയേണ്ടത് അത്യാവശ്യമാണ്. ഇറാൻ ഒരു ശിയാ ഭൂരിപക്ഷ രാജ്യമായതുകൊണ്ട് തന്നെ, അവർ നേരിടുന്ന ആക്രമണങ്ങളിൽ രാഷ്ട്രീയമായ സഹതാപം ഉണ്ടെങ്കിൽ പോലും, ശിയാ വിശ്വാസങ്ങളെ ഇസ്‌ലാമിക പ്രമാണങ്ങളുമായി കൂട്ടിക്കുഴച്ചുകൂടാ. ശിയാ ആശയങ്ങൾ ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങൾക്ക് വിരുദ്ധമാണ്. മുഹമ്മദ് നബി(സ്വ)യുടെ വിയോഗത്തിന് ശേഷമാണ് ഈ വിഭാഗം രംഗപ്രവേശം ചെയ്തത്. നേതൃത്വം പ്രവാചക കുടുംബത്തിൽ (അഹ്‌ലുൽ ബൈത്ത്) മാത്രം പരിമിതമാണെന്നും അലി(റ)യാണ് യഥാർഥ അവകാശി എന്നും പറഞ്ഞാണ് ഇവർ ഭിന്നതയുടെ വിത്തുപാകിയത്. പ്രമുഖരായ ഖലീഫമാരെയും പ്രവാചക പത്നിമാരെയും സ്വഹാബികളെയുമൊക്കെ ശപിക്കുകയും നരകത്തിന്റെ ആളുകളായി മുദ്രകുത്തുകയും ചെയ്യുന്നവരും തങ്ങളുടെ ഇമാമുമാർക്ക് അമാനുഷികമായ കഴിവുകളുണ്ടെന്ന് വിശ്വസിക്കുകയും ചെയ്യുന്നവരാണ് ശിയാക്കൾ.

അതിനാൽതന്നെ, ആക്രമിക്കപ്പെട്ടു എന്നതിനാലുള്ള സഹതാപത്തിന്റെ പേരിൽ ശിയായിസത്തെ വെളുപ്പിച്ചെടുക്കാൻ ശ്രമിക്കുന്നത് ശരിയല്ല. രാഷ്ട്രീയമായ ചെറുത്തുനിൽപ്പുകളെ വിശ്വാസപരമായ കാര്യ ങ്ങളിൽ നിന്ന് വേർതിരിച്ചു കാണാൻ വിശ്വാസികൾക്ക് കഴിയണം. ഇറാൻ നേരിടുന്ന ആക്രമണങ്ങൾ ഒരു മാനുഷിക ദുരന്തമാണെങ്കിലും, അത് ശിയാ ആശയങ്ങൾക്കുള്ള അംഗീകാരമായി മാറരുത്. ഇറാന്റെ ഭരണകൂടം സ്വീകരിക്കുന്ന പല നിലപാടുകളും അവരുടെ പ്രത്യേകമായ

ശിയാ എസ്കറ്റോളജിയിൽ (Eschatology) അധിഷ്ഠിതമാണ്. പന്ത്രണ്ടാമത്തെ ഇമാമിന്റെ മടങ്ങിവരവിനായി ലോകത്ത് സംഘർഷങ്ങൾ ഉണ്ടാവണം എന്ന രീതിയിലുള്ള വിശ്വാസങ്ങൾ ഇവർക്കുണ്ടെന്ന് പണ്ഡിതന്മാർ ചൂണ്ടിക്കാട്ടുന്നു.

**സമ്പദ്ഘടനയും പ്രവാസികളും**

പശ്ചിമേഷ്യയിലെ അസ്ഥിരത കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക ഘടനയെ നേരിട്ട് ബാധിക്കുന്ന ഒന്നാണ്. ഏകദേശം 30-35 ലക്ഷം മലയാളികൾ ഗൾഫ് രാജ്യങ്ങളിൽ (GCC) ജോലി ചെയ്യുന്നുണ്ട്. ഗൾഫ് രാജ്യങ്ങളിൽ ഉണ്ടാകുന്ന ഓരോ സ്ഫോടനവും നമ്മുടെ വീടുകളിൽ ആകുലതകളായാണ് പ്രതിഫലിക്കുന്നത്.

കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ല് പ്രവാസി മലയാളികൾ അയക്കുന്ന പണമാണ്. 2025ലെ കണക്കനുസരിച്ച് ഇന്ത്യയിലേക്ക് വരുന്ന ആകെ പണത്തിന്റെ വലിയൊരു ഭാഗവും ഗൾഫിൽ നിന്നാണ്. ഗൾഫിലെ യുദ്ധസാഹചര്യം ഈ വരുമാനത്തെ സാരമായി ബാധിക്കും.

യുദ്ധം പശ്ചിമേഷ്യയിലെ തൊഴിൽ വിപണിയെ ബാധിച്ചാൽ അത് മലയാളികളുടെ തൊഴിൽ സുരക്ഷയെ ബാധിക്കും. തിരിച്ചുവരുന്ന പ്രവാസികളുടെ എണ്ണം കൂടിയാൽ അത് കേരളത്തിൽ തൊഴിലില്ലായ്മ വർധിക്കാനും ഗാർഹിക വരുമാനം കുറയാനും ഇടയാക്കും.

ഇന്ത്യയിൽ നിന്നുള്ള സുഗന്ധവ്യഞ്ജനങ്ങൾ, തേയില, കാപ്പി, വസ്ത്രങ്ങൾ എന്നിവയുടെ പ്രധാന വിപണിയാണ് പശ്ചിമേഷ്യ. യുദ്ധം ഈ മേഖലയിലേക്കുള്ള കയറ്റുമതിയെ തടസ്സപ്പെടുത്തും. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലേക്ക് ഭൂരിഭാഗം സാധനങ്ങളും വരുന്നത് മറ്റു സംസ്ഥാനങ്ങളിൽ നിന്നായതിനാൽ, ഗതാഗത ചെലവ് കൂടുന്നത് കേരളത്തിലെ വിപണിയെ സാരമായി ബാധിക്കും.

യുദ്ധത്തിന്റെ കാർമേഘം ഉരുണ്ടുകൂടുന്നത് കാണുമ്പോൾ തന്നെ നിക്ഷേപകർ സുരക്ഷിത നിക്ഷേപമെന്ന നിലയിൽ സ്വർണത്തിലേക്ക് തിരിയുന്നു. ഇത് സ്വർണവില കുത്തനെ കൂട്ടുന്നു. സ്വർണത്തിന് വലിയ പ്രാധാന്യമുള്ള കേരളത്തിലെ വിവാഹ വിപണിയെയും സാധാരണക്കാരെയും ഇത് സാരമായി ബാധിക്കുമെന്ന് പറയേണ്ടതില്ലല്ലോ.

**യുദ്ധം പശ്ചിമേഷ്യയിലെ തൊഴിൽ വിപണിയെ ബാധിച്ചാൽ അത് മലയാളികളുടെ തൊഴിൽ സുരക്ഷയെ ബാധിക്കും. തിരിച്ചുവരുന്ന പ്രവാസികളുടെ എണ്ണം കൂടിയാൽ അത് കേരളത്തിൽ തൊഴിലില്ലായ്മ വർധിക്കാനും ഗാർഹിക വരുമാനം കുറയാനും ഇടയാക്കും.**

അതെ, ലോകത്തിന്റെ ഏത് ഭാഗത്ത് നടക്കുന്ന യുദ്ധവും കേരളം പോലുള്ള ഒരു ഉപഭോക്തൃ സംസ്ഥാനത്തെ (Consumer State) നേരിട്ട് ബാധിക്കും.

ഇന്ത്യയുടെ ഇന്ധന ആവശ്യത്തിന്റെ സിംഹഭാഗവും വരുന്നത് പശ്ചിമേഷ്യയിൽ നിന്നാണ്. യുദ്ധം നീണ്ടുപോയാൽ ക്രൂഡ് ഓയിൽ വില വർധിക്കും. അത് സംഭവിച്ചു കഴിഞ്ഞു. താമസിയാതെ പെട്രോൾ, ഡീസൽ വില കൂടും. അത് ചരക്ക് ഗതാഗത ചെലവ് വർധിപ്പിക്കുകയും നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റത്തിന് കാരണമാവുകയും ചെയ്യും. പാചകവാതക പ്രതിസന്ധി തുടങ്ങിക്കഴിഞ്ഞു. ഹോട്ടലുകൾക്ക് ഇനി മുതൽ പാചകവാതകമില്ല എന്ന പ്രഖ്യാപനം വന്നു.

യുദ്ധം മൂലം എണ്ണവില വർധിക്കുന്നത് ഇന്ത്യയിൽ പണപ്പെരുപ്പത്തിന് കാരണമാകും. ക്രൂഡ് ഓയിൽ വിലയിൽ ഉണ്ടാകുന്ന ഓരോ 10 ഡോളറിന്റെ വർധനവും ഇന്ത്യയുടെ ജിഡിപി വളർച്ചയെ 20-25 ബേസിസ് പോയിന്റ് കുറയ്ക്കാൻ സാധ്യതയുണ്ട് എന്ന് സാമ്പത്തിക നിരീക്ഷകർ പറയുന്നു. ഇത് നിത്യോപയോഗ സാധനങ്ങളുടെ വില വർധനവിലേക്കും സാധാരണക്കാരന്റെ ജീവിതം ദുസ്സഹമാക്കുന്നതിലേക്കും നയിക്കും. പ്രവാസികളുടെ മാനസികാരോഗ്യം സംരക്ഷിക്കുന്നതിനായി കേരള സർക്കാർ നോർക്ക-റൂട്ട്സ് വഴി ടെലി-മാനസ് (Tele-Manas) കൗൺസിലിംഗ് സൗകര്യം ഏർപ്പെടുത്തിയത് നല്ല കാര്യമാണ്.

**ഇന്ത്യയുടെ നിലപാട്?**

മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം മക്കയോടും മദീനയോ

ടും വലിയ ആത്മീയ ബന്ധമാണുള്ളത്. ഈ പ്രദേശത്തിന്റെ സുരക്ഷ മുസ് ലിം ലോകത്തിന്റെ പ്രധാന ആശങ്കയാണ്. 2026ലെ യുദ്ധം ഹജ്ജ് തീർഥാടനത്തെ ബാധിക്കുമോ എന്ന ഭീതി നില നിൽ ക്കുന്നുണ്ട്.

ഇന്ത്യയുടെ വിദേശനയം ഈ സാഹചര്യത്തിൽ അങ്ങേയറ്റം സന്തുലിതമായിരിക്കണം. ഇസ്രായേലുമായും ഇറാനുമായും സൗദി അറേബ്യയുമായും ഇന്ത്യയ്ക്ക് ശക്തമായ ബന്ധങ്ങളുണ്ട്. ഈ രാജ്യങ്ങൾക്കിടയിലുള്ള സംഘർഷത്തിൽ ഒരു പക്ഷം ചേരുന്നത് ഇന്ത്യയുടെ താൽപര്യങ്ങൾക്ക് വിരുദ്ധമായിരിക്കുമെന്നതിൽ സംശയമില്ല. ഹോർമുസ് കടലിടുക്കിലൂടെ ഇന്ത്യയുടെ രണ്ടു കപ്പലുകൾക്ക് പോകാൻ ഇറാൻ അനുമതി നൽകിയത് ശ്രദ്ധേയമാണ്. ഹോർമുസ് കടലിടുക്ക് അടയുന്നത് ഇന്ത്യയുടെ എണ്ണ ഇറക്കുമതിയെ തടസ്സപ്പെടുത്തും. അതിനാൽ മേഖലയിലെ സമാധാനം ഇന്ത്യയുടെ സാമ്പത്തിക സുരക്ഷയ്ക്ക് അത്യാവശ്യമാണ്.

**വ്യാജ വാർത്തകൾക്കെതിരെയുള്ള ജാഗ്രത**

സോഷ്യൽ മീഡിയയിലൂടെ യുദ്ധവുമായി ബന്ധപ്പെട്ട് നിരവധി വ്യാജ വാർത്തകളും വീഡിയോകളും പ്രചരിക്കുന്നുണ്ട്. ഇത് ജനങ്ങൾക്കിടയിൽ അനാവശ്യ ഭീതിയുണ്ടാക്കാനും ശത്രുത വളരാനും കാരണമാകുന്നുണ്ട്. പഴയ വീഡിയോകളും എ.ഐ ഉപയോഗിച്ച് നിർമിച്ച വ്യാജ ചിത്രങ്ങളും തിരിച്ചറിയാനും കിട്ടുന്നതെല്ലാം ഫോർവേഡ് ചെയ്യാതിരിക്കാനും ഓരോരുത്തരും ശ്രദ്ധിക്കണം. ശ്രീനഗറിലും മറ്റും വ്യാജ വാർത്തകൾ പ്രചരിപ്പിച്ചവർക്കെതിരെ പോലീസ് കേസെടുത്തിട്ടുണ്ട്. കേരള പോലീസിന്റെ സൈബർ സെല്ലും ഇത്തരം നീക്കങ്ങൾ നിരീക്ഷിക്കുന്നുണ്ട്. സ്ഥിരീകരിക്കാത്ത വാർത്തകൾ ഷെയർ ചെയ്യുന്നത് നിയമനടപടികൾക്ക് കാരണമാകും.

**പശ്ചിമേഷ്യയിലെ നിലവിലെ സാഹചര്യം അങ്ങേയറ്റം സങ്കീർണവും അപകടകരവുമാണ്. ഇതിനെ രാഷ്ട്രീയമായും വിശ്വാസപരമായും വിവേകത്തോടെ സമീപിക്കാൻ നമുക്ക് കഴിയണം. ഇറാൻ നേരിടുന്ന ആക്രമണങ്ങളിൽ സാമ്രാജ്യത്വ വിരുദ്ധ നിലപാട് സ്വീകരിക്കുമ്പോൾ തന്നെ, അത് ഇസ്‌ലാമിക ആദർശങ്ങളിലെ വിട്ടുവീഴ്ചയാകരുത്. പ്രവാസികളുടെ സുരക്ഷയ്ക്കും ഇന്ത്യയുടെ സാമ്പത്തിക സ്ഥിരതയ് ക്കുമായി സർക്കാർ തലത്തിലും വ്യക്തിപരമായ തലത്തിലും ജാഗ്രത പാലിക്കണം.**




**സമാധാനം പുലരട്ടെ**

പശ്ചിമേഷ്യയിലെ സമാധാനത്തിനായി പ്രാർഥനകൾ വർധിപ്പിക്കേണ്ട സമയമാണിത്. യുദ്ധം മനുഷ്യ രാശിക്ക് നാശങ്ങൾ മാത്രമെ സമ്മാനിക്കൂ. കുരുന്നു മക്കളും വൃദ്ധരും സ്ത്രീകളുമടക്കമുള്ള നിരപരാധികൾ കൊല്ലപ്പെടുന്ന സാഹചര്യം ഒരു വിശ്വാസിക്കും അംഗീകരിക്കാനാവില്ല.

പശ്ചിമേഷ്യയിലെ നിലവിലെ സാഹചര്യം അങ്ങേയറ്റം സങ്കീർണവും അപകടകരവുമാണ്. ഇതിനെ രാഷ്ട്രീയമായും വിശ്വാസപരമായും വിവേകത്തോടെ സമീപിക്കാൻ നമുക്ക് കഴിയണം. ഇറാൻ നേരിടുന്ന ആക്രമണങ്ങളിൽ സാമ്രാജ്യത്വ വിരുദ്ധ നിലപാട് സ്വീകരിക്കുമ്പോൾ തന്നെ, അത് ഇസ്‌ലാമിക ആദർശങ്ങളിലെ വിട്ടുവീഴ്ചയാകരുത്. പ്രവാസികളുടെ സുരക്ഷയ്ക്കും ഇന്ത്യയുടെ സാമ്പത്തിക സ്ഥിരതയ് ക്കുമായി സർക്കാർ തലത്തിലും വ്യക്തിപരമായ തലത്തിലും ജാഗ്രത പാലിക്കണം.

പശ്ചിമേഷ്യയിലെ സമാധാനം ലോകത്തിന്റെ സമാധാനമാണെന്ന് തിരിച്ചറിഞ്ഞുകൊണ്ട് നയതന്ത്ര നീക്കങ്ങൾ തുടരേണ്ടതുണ്ട്. ഇന്ത്യയെപ്പോലെയുള്ള ഒരു രാജ്യത്തിന് ഈ മേഖലയിലെ സമാധാനാന്തരീക്ഷം നിലനിർത്തുന്നതിൽ വലിയ ഉത്തരവാദിത്തമുണ്ട്. വരും ദിവസങ്ങളിൽ കൂടുതൽ ജാഗ്രതയോടും പ്രാർഥനയോടും കൂടി ഈ സാഹചര്യത്തെ നേരിടാം.



# സൈനബും അബുൽആസും;
## അനശ്വരമായൊരു പ്രണയകഥ

ഇ.യൂസുഫ് സാഹിബ് നദ്‌വി, ഓച്ചിറ

ഒരിക്കൽ അബുൽആസ് മുഹമ്മദ് നബി(സ്വ)യുടെ അടുത്തെത്തി പറഞ്ഞു: ‘എനിക്ക് അങ്ങയുടെ മകൾ സൈനബിനെ വിവാഹം കഴിച്ചുതരണം.’

നബി(സ്വ) മറുപടി നൽകി: ‘അവളോട് അനുവാദം ചോദിക്കാതെ ഞാനൊന്നും ചെയ്യില്ല.’

നബി(സ്വ) സൈനബിന്റെ അടുത്തേക്ക് ചെന്നു: ‘നിന്റെ മച്ചുനൻ (അമ്മായിയുടെ മകൻ) വന്നിട്ടുണ്ട്, നിന്നെ വിവാഹം കഴിക്കാൻ താൽപര്യപ്പെടുന്നു. നിനക്ക് സമ്മതമാണോ?’

സൈനബിന്റെ മുഖം നാണം കൊണ്ട് ചുവന്നു, അവൾ പുഞ്ചിരിച്ചു. അതൊരു സമ്മതമായിരുന്നു. അങ്ങനെ സൈനബും അബുൽആസ് ഇബ്നു റബീഉം വിവാഹിതരായി.

അവർക്കിടയിൽ അതിതീവ്രമായ പ്രണയത്തിന്റെ നാളുകൾ തുടങ്ങുകയായിരുന്നു. അവർക്ക് അലി, ഉമാമ എന്നിങ്ങനെ രണ്ട് മക്കളും പിറന്നു.

എന്നാൽ വൈകാതെ ആ കുടുംബത്തിലേക്ക് വലിയൊരു പരീക്ഷണം കടന്നുവന്നു. നബി(സ്വ) പ്രവാചകനായി നിയോഗിക്കപ്പെട്ടു. അബുൽ ആസ് ഒരു യാത്ര കഴിഞ്ഞ് മടങ്ങിവന്നപ്പോൾ പ്രിയതമ ഇസ്‌ലാം സ്വീകരിച്ച വാർത്തയാണ് കേട്ടത്. അവൾ പറഞ്ഞു: 'എനിക്ക് നിന്നോട് വലിയൊരു കാര്യം പറയാനുണ്ട്.'

അദ്ദേഹം ഒന്നും മിണ്ടാതെ അവിടെനിന്നും എഴുന്നേറ്റു പോയി. പരിഭ്രമിച്ച സൈനബ് അദ്ദേഹത്തിന്റെ പിന്നാലെ ചെന്ന് പറഞ്ഞു: 'എന്റെ പിതാവ് പ്രവാചകനായി നിയോഗിക്കപ്പെട്ടിരിക്കുന്നു, ഞാൻ വിശ്വസിച്ചു.'

അബുൽ ആസ് ചോദിച്ചു: 'എന്തുകൊണ്ട് നീ എന്നോട് ഇത് നേരത്തെ പറഞ്ഞില്ല?'

അവർക്കിടയിൽ വിശ്വാസത്തിന്റെ വലിയൊരു മതിൽ രൂപപ്പെട്ടു. സൈനബ് ഉറച്ച സ്വരത്തിൽ പറഞ്ഞു: 'എനിക്ക് എന്റെ പിതാവിനെ തള്ളിപ്പറയാനാവില്ല. അദ്ദേഹം സത്യസന്ധനും വിശ്വസ്തനുമാണ്. ഞാൻ മാത്രമല്ല, എന്റെ ഉമ്മയും സഹോദരങ്ങളും അലിയ്യുബ്നു അബീത്വാലിബും ഉസ്മാനുബ്നു അഫ്ഫാനും തങ്ങളുടെ സുഹൃത്ത് അബൂബക്കർ സിദ്ദീഖുമെല്ലാം വിശ്വസിച്ചു കഴിഞ്ഞു.'

അബുൽ ആസ് പറഞ്ഞു: 'ഭാര്യയെ പ്രീതിപ്പെടുത്താൻ വേണ്ടി സ്വന്തം ജനതയെ വഞ്ചിച്ചവനെന്നും പിതാമഹന്മാരുടെ മാർഗം വെടിഞ്ഞവനെന്നും ആളുകൾ എന്നെ പരിഹസിക്കുന്നത് എനിക്ക് സഹിക്കാനാവില്ല. നിന്റെ പിതാവ് ഒരിക്കലും കുറ്റക്കാരനാണെന്ന് ഞാൻ പറയുന്നില്ല. എങ്കിലും എനിക്ക് എന്റെ നിലപാട് തുടരേണ്ടതുണ്ട്. നീ എനിക്ക് മാപ്പ് നൽകില്ലേ?'

സൈനബ് പറഞ്ഞു: 'ഞാൻ നിനക്ക് മാപ്പ് നൽകിയില്ലെങ്കിൽ പിന്നെ ആര് നൽകും? ഞാൻ നിന്റെ ഭാര്യയായി എന്നും കൂടെയുണ്ടാകും. സത്യം കണ്ടെത്താൻ നിന്നെ ഞാൻ സഹായിച്ചുകൊണ്ടേയിരിക്കും.' ഇരുപത് വർഷത്തോളം ആ വാക്ക് സൈനബ് പാലിച്ചു.

ഹിജ്റയുടെ സമയമായപ്പോൾ സൈനബ് പിതാവിനോട് ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, എന്റെ ഭർത്താവിനും മക്കൾക്കുമൊപ്പം നിൽക്കാൻ എനിക്ക് അനുവാദം നൽകുമോ?

നബി(സ്വ) സമ്മതിച്ചു. അങ്ങനെ അവർ മക്കയിൽ തുടർന്നു.

ഒടുവിൽ ബദ്ർ യുദ്ധത്തിന്റെ നാളുകളെത്തി. അബുൽ ആസ് ഖുറൈശി സൈന്യത്തോടൊപ്പം തന്റെ ശ്വശുരനായ നബി(സ്വ)ക്കതിരെ യുദ്ധത്തിന് പുറപ്പെട്ടു. സൈനബ് ആ നിമിഷത്തെ വല്ലാതെ ഭയപ്പെട്ടിരുന്നു.

അവൾ കരഞ്ഞുകൊണ്ട് പ്രാർത്ഥിച്ചു: 'അല്ലാഹുവേ, എന്റെ മക്കൾ അനാഥരാകുന്നതോ എന്റെ പിതാവിനെ എനിക്ക് നഷ്ടപ്പെടുന്നതോ ആയ ഒരു പ്രഭാതം നീ വരുത്തരുതേ.'

യുദ്ധം അവസാനിച്ചു. മുസ്‌ലിംകൾ വിജയിച്ചു. അബുൽആസ് തടവുകാരനായി പിടിക്കപ്പെട്ടു. വാർത്തയറിഞ്ഞ സൈനബ് ആദ്യം ചോദിച്ചത് 'എന്റെ പിതാവിനെന്തു പറ്റി' എന്നാണ്.

അദ്ദേഹം സുരക്ഷിതനാണെന്നറിഞ്ഞപ്പോൾ അവൾ അല്ലാഹുവിന് നന്ദി പറഞ്ഞു. പിന്നീട് ഭർത്താവിന്റെ മോചനത്തിനായി നൽകാൻ തന്റെ പക്കലുണ്ടായിരുന്ന ഏറ്റവും വിലപ്പെട്ട വസ്തു അവൾ എടുത്തു നൽകി; തന്റെ വിവാഹവേളയിൽ ഉമ്മ ഖദീജ(റ) അണിയിച്ച മാല.

മോചനദ്രവ്യങ്ങൾ സ്വീകരിക്കുന്നതിനിടയിൽ ഖദീജയുടെ ആ മാല കണ്ടപ്പോൾ

നബി(സ്വ) പൊട്ടിക്കരഞ്ഞുപോയി. അദ്ദേഹം പറഞ്ഞു: 'ഇത് ഖദീജയുടെ മാലയാണല്ലോ...!

നബി(സ്വ) അനുചരന്മാരോട് ചോദിച്ചു: 'നിങ്ങൾക്ക് സമ്മതമാണെങ്കിൽ ഈ മാല അവൾക്കുതന്നെ തിരിച്ചുനൽകി അവളുടെ ഭർത്താവിനെ മോചിപ്പിക്കാമോ?' അവർ സന്തോഷത്തോടെ സമ്മതിച്ചു.

അബുൽ ആസിനെ വിട്ടയക്കുമ്പോൾ നബി(സ്വ) അദ്ദേഹത്തോട് രഹസ്യമായി പറഞ്ഞു: 'ഒരു മുസ്‌ലിമായ സ്ത്രീക്ക് സത്യനിഷേധിയായ പുരുഷന്റെ കൂടെ ജീവിക്കാൻ അനുവാദമില്ല. അതിനാൽ എന്റെ മകളെ എനിക്ക് തിരിച്ചു നൽകണം.' അബുൽ ആസ് അത് സമ്മതിച്ചു.

മക്കയിലെത്തിയ അദ്ദേഹം സൈനബിനോട് പറഞ്ഞു: 'നീ നിന്റെ പിതാവിന്റെ അടുത്തേക്ക് പോവുക. നമ്മൾ തമ്മിൽ വേർപിരിയേണ്ടിയിരിക്കുന്നു.'

സൈനബ് ചോദിച്ചു: 'നിനക്കും കൂടെ വന്നുകൂടേ? നീ ഇസ്‌ലാം സ്വീകരിക്കില്ലേ?' അദ്ദേഹം വിസമ്മതിച്ചു.

മക്കളുമായി സൈനബ് മദീനയിലേക്ക് പോയി. പിന്നീട് ആറു വർഷത്തോളം പല വിവാഹാലോചനകൾ വന്നെങ്കിലും തന്റെ പ്രിയതമൻ എന്നെങ്കിലും മടങ്ങിവരുമെന്ന പ്രതീക്ഷയിൽ അവൾ എല്ലാം നിരസിച്ചു.

ആറ് വർഷങ്ങൾക്ക് ശേഷം, ശാമിൽനിന്നുള്ള കച്ചവടയാത്രയ്ക്കിടയിൽ അബുൽ ആസ് മുസ്‌ലിം സൈന്യത്തിന്റെ പിടിയിലായി. അദ്ദേഹം അവിടെനിന്നും രക്ഷപ്പെട്ട് സൈനബിന്റെ വീട്ടുവാതിൽക്കൽ ചെന്ന് മുട്ടി. അവൾ ചോദിച്ചു: 'നീ ഇസ്‌ലാം സ്വീകരിച്ചു വന്നതാണോ?'

അദ്ദേഹം പറഞ്ഞു: 'അല്ല, അഭയം തേടി വന്നതാണ്.'

അവൾ പറഞ്ഞു: 'ഭയപ്പെടേണ്ട, സ്വാഗതം.'

സുബ്ഹി നമസ്കാരത്തിന് ശേഷം പള്ളിയിൽ വെച്ച് സൈനബ് ഉറക്കെ പ്രഖ്യാപിച്ചു: 'അബുൽ ആസ്ബ്നു റബീഇന് ഞാൻ അഭയം നൽകിയിരിക്കുന്നു.'

നബി(സ്വ) അനുചരന്മാരോട് പറഞ്ഞു: 'അദ്ദേഹത്തിന്റെ സ്വത്തുക്കൾ തിരിച്ചുനൽകി അദ്ദേഹത്തെ മക്കയിലേക്ക് പോകാൻ അനുവദിക്കുന്നതാണ് എനിക്കിഷ്ടം.' എല്ലാവരും അത് സമ്മതിച്ചു.

മക്കയിലെത്തിയ അബുൽ ആസ് തന്റെ കടങ്ങളെല്ലാം വീട്ടിയശേഷം ജനമധ്യത്തിൽ നിന്ന് പ്രഖ്യാപിച്ചു: 'ജനങ്ങളേ, ഇനി ആർക്കെങ്കിലും ഞാൻ പണം നൽകാനുണ്ടോ?' ഇല്ലെന്ന് അവർ മറുപടി നൽകി. ഉടൻ അദ്ദേഹം പറഞ്ഞു: 'എങ്കിൽ ഞാൻ സാക്ഷ്യം വഹിക്കുന്നു, അല്ലാഹുവല്ലാതെ ഇലാഹില്ലെന്നും മുഹമ്മദ് (സ്വ) അല്ലാഹുവിന്റെ ദൂതനാണെന്നും.'

അദ്ദേഹം നേരെ മദീനയിലേക്ക് തിരിച്ചു. നബി(സ്വ)യുടെ അടുത്തെത്തി ഇസ്‌ലാം സ്വീകരിച്ചു. എന്നിട്ട് ചോദിച്ചു: 'എനിക്ക് സൈനബിനെ തിരിച്ചു കിട്ടുമോ?'

നബി(സ്വ) സൈനബിന്റെ വീട്ടുവാതിൽക്കൽ ചെന്ന് ചോദിച്ചു: 'മകളേ, നിന്റെ മച്ചുനൻ അനുവാദം ചോദിച്ചു വന്നിട്ടുണ്ട്. നിനക്ക് സമ്മതമാണോ?' സൈനബിന്റെ മുഖം വീണ്ടും നാണം കൊണ്ട് ചുവന്നു, അവൾ പുഞ്ചിരിച്ചു.

വർഷങ്ങൾ നീണ്ട കാത്തിരിപ്പിന് ശേഷം അവർ ഒന്നിച്ചു. എന്നാൽ ആ സന്തോഷത്തിന് അധികം ആയുസ്സുണ്ടായിരുന്നില്ല. ഒരു വർഷത്തിന് ശേഷം സൈനബ്(റ) ഇഹലോകവാസം വെടിഞ്ഞു. അബുൽ ആസ് തകർന്നു പോയി.

നബി(സ്വ) അദ്ദേഹത്തെ ആശ്വസിപ്പിക്കുമ്പോൾ അദ്ദേഹം കരഞ്ഞുകൊണ്ട് പറഞ്ഞു: 'അല്ലാഹുവാണ് സത്യം, സൈനബില്ലാത്ത ഈ ദുനിയാവ് എനിക്ക് ഇനി വേണ്ട.' സൈനബ് മരിച്ച് ഒരു വർഷം തികയും മുമ്പേ ആ സ്നേഹനിധിയായ ഭർത്താവും ഈ ലോകത്തോട് വിടപറഞ്ഞു.

■




# മുസ്‌ലിംകളും സസ്യശാസ്ത്രവും

ഡോ. ടി. കെ. യൂസുഫ്
: 9349798262

ക്വുർആനിന്റെ അവതരണ കാലം തൊട്ട് തന്നെ മുസ്‌ലിംകൾ സസ്യശാസ്ത്രം പഠന വിധേയമാക്കിയിട്ടുണ്ട്. ധാരാളം സസ്യങ്ങളെക്കുറിച്ചുള്ള പരാമർശം ക്വുർആനിൽ കാണാവുന്നതാണ്. ചില ഔഷധച്ചെടികളെക്കുറിച്ച് വ്യക്തമായ പരാമർശം ഹദീസുകളിൽ കാണാം. ബുഖാരി ഉദ്ധരിച്ച ഒരു ഹദീസിൽ 'തീർച്ചയായും ഈ കരിഞ്ചീരകം; മരണമൊഴികെ എല്ലാത്തിനും അതിൽ ശമനമുണ്ട്' എന്നു കാണാം. കൊട്ടം, സുന്നാമാക്കി തുടങ്ങി ഇന്നും ലോകവ്യാപകമായി ഉപയോഗിക്കപ്പെടുന്ന ധാരാളം രോഗസംഹാരികളെക്കുറിച്ച് ഹദീസുകളിൽ വിവരിച്ചിട്ടുണ്ട്.

**ജീവശാസ്ത്ര വിഷയത്തിൽ ചൈനക്കാരും പുരാതന ഈജിപ്തുകാരും ബാബിലോണിയക്കാരും ഗ്രീക്കുകാരും എഴുതിവെച്ചത് പഠിച്ച് അറബിയിലേക്ക് വിവർത്തനം ചെയ്തതിന് പുറമെ, മറ്റാരും ചെയ്യാത്ത പല സേവനങ്ങളും മുസ്‌ലിംകൾ ഈ രംഗത്ത് നൽകിയിട്ടുണ്ട്. 1162ൽ അന്തരിച്ച ജൂട്ടെ എന്ന ജർമൻ ശാസ്ത്രജ്ഞൻ ആവിഷ്‌ക്കരിച്ച, ജീവികൾക്കിടയിലെ സൗഹൃദ സിദ്ധാന്തം കൂടുതൽ വിശദീകരിച്ചത് മുസ്‌ലിം പണ്ഡിതന്മാരാണ്.**

സസ്യശാസ്ത്രത്തിന് മുസ്‌ലിംകൾ നൽകിയ ഏറ്റവും വലിയ സംഭാവന സസ്യങ്ങളുടെ പേരുകൾ മാത്രം ഉൾക്കൊള്ളുന്ന ചില നിഘണ്ടുക്കൾ അവർ രചിച്ചതാണ്. ഹിജ്റ 155ൽ അബ്ദുൽ മലിക് ബിൻ ജുറൈജ് അൽബസ്വരിയാണ് ഈ രംഗത്ത് ആദ്യ നിഘണ്ടു രചിച്ചത്. പിന്നീട് ഇബ്നു സകീത്, ജൗഹരി, ഇബ്നു മൻദൂർ എന്നിവരും ഈ രംഗത്തേക്ക് കടന്നുവരികയുണ്ടായി. എന്നാൽ ഹിജ്റ 216 ൽ അന്തരിച്ച ഹിശാം ബിൻ ഇബ്റാഹീം അൽകർമാനി രചിച്ച 'അന്നബാത്' എന്ന ഗ്രന്ഥമാണ് ഈ രംഗത്ത് ഏറ്റവും പ്രസിദ്ധമായിട്ടുള്ളത്. ഇബ്നു സീനയുടെ 'കാനനി'ൽ ഔഷധച്ചെടികൾക്ക് മാത്രമായി ഒരു ഭാഗം കാണാവു ന്നതാണ്.

ഹിജ്റ അഞ്ചാം നൂറ്റാണ്ടിൽ സ്‌പെയിൻകാരനായ ഇബ്നു ജിൽജിൽ ഡിസ്‌കോറിഡസിന്റെ ഗ്രന്ഥത്തിൽ ഇല്ലാത്ത ധാരാളം വിഷയങ്ങൾ ചേർത്ത് ഔഷധ സസ്യശാസത്രത്തിന്റെ ഒരു വിജ്ഞാനകോശം തന്നെ രചിക്കുകയുണ്ടായി. പിന്നീട് ഏഴാം നൂറ്റാണ്ടിൽ സ്‌പെയിൻകാരൻ തന്നെയായ ഇബ്നു ബൈതാറിന്റെ ശ്രമഫലമായി സസ്യശാസത്രത്തിൽ ഒരു കുതിച്ചുചാട്ടം തന്നെയുണ്ടായി.

### മുസ്‌ലിംകളും സസ്യവർഗീകരണവും

സസ്യങ്ങളെ വർഗീകരിച്ച് ഇനം തിരിക്കുന്ന രംഗത്താണ് പിന്നീട് മുസ്‌ലിംകൾ കാര്യമായ പങ്ക് നിർവഹിച്ചത്. സസ്യശാസ്ത്രത്തിൽ ഇത് പറയത്തക്ക ഒരു നേട്ടം തന്നെയാണ്. ഓരോ സസ്യത്തിന്റെയും വിശേഷണ-ഗുണങ്ങൾ വേർതിരിച്ച് മനസ്സിലാക്കാൻ ഇത് സഹായകമായിട്ടുണ്ട്. ഖലീൽ രചിച്ച 'അൽ ഐൻ' എന്ന പ്രസിദ്ധ സസ്യശാസ്ത്ര നിഘണ്ടുവിൽ ചെടികളുടെ പേരും വിശേഷണങ്ങളും ഉൾകൊ ള്ളിച്ചതായി കാണാം.

പരിസ്ഥിതിക്കനുസരിച്ച് സസ്യങ്ങളെ വേർതിരിക്കുന്ന രീതിയും പിന്നീട് നിലവിൽ വന്നു. അസ്മഇയാണ് ഇതിന് ചുക്കാൻ പിടിച്ചത്. അദ്ദേഹത്തിന്റെ 'അന്നബാത് വ ശജർ' എന്ന ഗ്രന്ഥത്തിൽ താഴ്‌വരയിലെ ചെടികൾ, മണൽ പ്രദേശത്തെ ചെടികൾ, ചതുപ്പുനിലങ്ങളിലെ ചെടികൾ എന്നിങ്ങനെ വേർതിരിച്ചതായി കാണാം. ഇബ്നു സീന; പടരുന്ന ചെടികൾ, പരന്നുകിടക്കുന്ന ചെടികൾ, തണ്ടിൽ നിൽക്കുന്ന ചെടികൾ എന്നിങ്ങനെയും തരംതിരിച്ചിട്ടുണ്ട്.

ഹിജ്റ 1019ൽ മൊറൊക്കോകാരനായ അബുൽ ഖാസിം മുഹമ്മദ് ബിൻ ഇബ്റാഹീം ഗസ്സാനി സസ്യങ്ങളെ അക്ഷരമാല ക്രമത്തിൽ തരംതിരിച്ച് ഒരു ഗ്രന്ഥം രചിക്കുകയുണ്ടായി. ഓരോ ചെടിയുടെയും രൂപവും ആകൃതിയും അവ പുഷ്പിക്കുന്നതാണോ ഫലം കായ്ക്കുന്നതാണോ എന്നും അദ്ദേഹം വിശദീകരിച്ചു. അതോടൊപ്പം അവയുടെ ശാസ്ത്രനാമവും ഔഷധഗുണവും ദോഷങ്ങളും കൂടി അതിൽ രേഖപ്പെടുത്തി. അവയുടെ വ്യത്യസ്ത പേരുകൾ, അതായത് അറബിയിലും അമാസാഗിയിലും പറയപ്പെടു ന്നത് അതിൽ കാണാം. അറബിയിലെ തന്നെ പ്രാദേശിക വകഭേദങ്ങളും കാണാം. അതിനു പുറമെ അവ വളരുന്ന പരിസ്ഥിതിയും നിർവചനത്തോടപ്പം ചേർത്തു. ഈ രുപത്തിൽ വിശദമായ വിവരണത്തോട് കൂടി 385 തരം സസ്യങ്ങളെയാണ് ഗസ്സാനി രേഖപ്പെടുത്തിയിട്ടുള്ളത്.

**മുസ്‌ലിംകളും ജീവശാസ്ത്രവും**

വൈദ്യശാസ്ത്രവും സസ്യശാസ്ത്രവും പോലെ മുസ്‌ലിംകൾ മഹത്തായ സംഭാവന നൽകിയ ഒരു മേഖല ജന്തുശാസ്ത്രമാണ്. ജീവശാസ്ത്ര വിഷയത്തിൽ ചൈനക്കാരും പുരാതന ഈജിപ്റ്റുകാരും ബാബിലോണിയക്കാരും ഗ്രീക്കുകാരും എഴുതിവെച്ചത് പഠിച്ച് അറബിയിലേക്ക് വിവർത്തനം ചെയ്തതിന് പുറമെ, മറ്റാരും ചെയ്യാത്ത പല സേവനങ്ങളും മുസ്‌ലിംകൾ ഈ രംഗത്ത് നൽകിയിട്ടുണ്ട്. 1162ൽ അന്തരിച്ച ജൂട്ടെ എന്ന ജർമൻ ശാസ്ത്രജ്ഞൻ ആവിഷ്ക്കരിച്ച, ജീവികൾക്കിടയിലെ സൗഹൃദ സിദ്ധാന്തം കൂടുതൽ വിശദീകരിച്ചത് മുസ്‌ലിം പണ്ഡിതന്മാരാണ്. ജാഹിള് ഈ സിദ്ധാന്തത്തെ വിശദീകരിച്ചുകൊണ്ട് പറഞ്ഞത് പശുവിന്റെ ശരീരത്തിലെ പ്രാണികളെ കൊത്തിയെടുക്കുന്ന പക്ഷിയും മുതലയുടെ പല്ലുകൾക്കിടയിലെ മാംസാവശിഷ്ടം കൊത്തിയെടുക്കുന്ന പക്ഷിയും ജീവി സൗഹൃദത്തിന്റെ മാതൃകയാണെന്നാണ്.

ജാഹിള് പറയുന്നത് തേളും വണ്ടും തമ്മിൽ സൗഹൃദമുണ്ടെന്നാണ്. കാക്ക കുറുക്കന്റെ മിത്രമാണ്, കുറുക്കനും പാമ്പും, കഴുകനും പാമ്പും ശത്രുക്കളാണ് എന്നാണ്. ദുമൈരി പറയുന്നത് തേളും ഉടുമ്പും തമ്മിൽ സൗഹൃദമുണ്ടെന്നാണ്, ഉടുമ്പിനെ ശത്രുക്കളിൽനിന്ന് സംരക്ഷിക്കാൻ വേണ്ടി അതിന്റെ മാളത്തിലാണ് തേൾ താമസിക്കുന്നത്. ഇത്തരത്തിൽ ധാരാളം ജീവികൾക്കിടയിലെ സൗഹൃദം മുസ്‌ലിം ജീവ ശാസ്ത്രജ്ഞന്മാർ അവരുടെ ഗ്രന്ഥങ്ങളിൽ വിവരിച്ചിട്ടുണ്ട്.

> **ഓരോ ജീവിയുടെയും സ്വഭാവഗുണങ്ങൾ വ്യക്തമാക്കിക്കൊണ്ട് അവയെ വളർത്തുമൃഗങ്ങൾ, വന്യമൃഗങ്ങൾ, ക്ഷുദ്രജീവികൾ എന്നിങ്ങനെ തരംതിരിക്കുന്നതിൽ മുസ്‌ലിംകൾ കാര്യമായ പങ്കുവഹിച്ചിട്ടുണ്ട്. കസ്വീനി, മൃഗങ്ങളെ പ്രപഞ്ചത്തിലെ മൂന്നാമത്തെ വിഭാഗമായിട്ടാണ് എണ്ണുന്നത്. ഒന്ന് ലോഹങ്ങളും രണ്ട് സസ്യങ്ങളുമാണ്. മൃഗങ്ങളിലെ അനേകം ഇനങ്ങളിൽ ഏറ്റവും ഉത്തമനായവൻ മനുഷ്യനാണ്. മൃഗങ്ങളെ പ്രധാനമായും ഏഴ് ഇനങ്ങളായിട്ടാണ് അദ്ദേഹം എണ്ണിയിട്ടുള്ളത്.**

പക്ഷികളും മൃഗങ്ങളും മുട്ടയിടാനും കുഞ്ഞുങ്ങളെ പ്രസവിക്കാനും ചില പ്രത്യേക പരിസ്ഥിതികളും ചുറ്റുപാടുകളും തെരഞ്ഞെടുക്കാറുണ്ടെന്ന് കസ്‌വീനി 'അജാഇബുൽ മഖ്‌ലൂഖാത്' (ജീവികളിലെ അത്ഭുതങ്ങൾ) എന്ന ഗ്രന്ഥത്തിൽ വ്യക്തമാക്കുന്നുണ്ട്. ജിറാഫ് ആഫ്രിക്കയിലെ ചില പ്രദേശങ്ങളാണ് പ്രസവിക്കാൻ തെരഞ്ഞെടുക്കാറുള്ളത്. ആനക്ക് ഇന്ത്യയിലും മറ്റു നാടുകളിലും വ്യത്യസ്ത ആയുസ്സു കളാണ് രേഖപ്പെടുത്തപ്പെട്ടിട്ടുള്ളത്. പരുന്തും പ്രാപിടയനും ഉയർന്ന പർവതശിഖരങ്ങളിലാണ് മുട്ടയിടാ റുള്ളത്. ഒട്ടകപ്പക്ഷിയും മരുഭൂമിയിലെ പ്രാവുകളും മരുഭൂമിയിലാണ് മുട്ടയിടാറുള്ളത്. താറാവുകളും ജല പക്ഷികളും തോട്ടങ്ങളാണ് തെരഞ്ഞെടുക്കാറുള്ളത്.

ഓരോ ജീവിയുടെയും സ്വഭാവഗുണങ്ങൾ വ്യക്തമാക്കിക്കൊണ്ട് അവയെ വളർത്തുമൃഗങ്ങൾ, വന്യമൃഗങ്ങൾ, ക്ഷുദ്രജീവികൾ എന്നിങ്ങനെ തരംതിരിക്കുന്നതിൽ മുസ്‌ലിംകൾ കാര്യമായ പങ്കുവഹിച്ചി ട്ടുണ്ട്. കസ്വീനി, മൃഗങ്ങളെ പ്രപഞ്ചത്തിലെ മൂന്നാമത്തെ വിഭാഗമായിട്ടാണ് എണ്ണുന്നത്. ഒന്ന് ലോഹങ്ങളും രണ്ട് സസ്യങ്ങളുമാണ്. മൃഗങ്ങളിലെ അനേകം ഇനങ്ങളിൽ ഏറ്റവും ഉത്തമനായവൻ മനുഷ്യനാണ്. മൃഗങ്ങളെ പ്രധാനമായും ഏഴ് ഇനങ്ങളായിട്ടാണ് അദ്ദേഹം എണ്ണിയിട്ടുള്ളത്.

ജാഹിള് ജീവികളെ മൊത്തത്തിൽ നാല് തരമാക്കിയാണ് വകതിരിച്ചിട്ടുള്ളത്; നടക്കുന്നത്, നീന്തുന്നത് പറക്കുന്നത്, ഇഴയുന്നത്. ഇവയെ വീണ്ടും വേറെ ചില വിശേഷണങ്ങൾകൊണ്ട് വേർതിരിച്ചിട്ടുണ്ട്. ഉദാഹരണമായി, ഈച്ച പറക്കുന്നതാണെങ്കിലും പക്ഷികളുടെ കൂട്ടത്തിൽ പെടുന്നില്ല. നീർനായ നീന്തുന്നതാണെങ്കിലും മത്സ്യങ്ങളുടെ കൂട്ടത്തിൽ എണ്ണുന്നില്ല. ജീവികളെ; വായുവിൽ ജീവിക്കുന്നത്, വെള്ളത്തിൽ ജീവിക്കുന്നത്, കരയിൽ ജീവിക്കുന്നത്, മണ്ണിനടിയിൽ ജീവിക്കുന്നത് എന്നിങ്ങനെയും ജാഹിള് വേർതിരിച്ചിട്ടുണ്ട്.

*(തുടരും)*

# സൂറത്തുന്നംല്

## ഉറുമ്പ്

(മക്കയിൽ അവതരിച്ചത്)

അധ്യായം 27

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

قَالُوا اطَّيَّرْنَا بِكَ وَبِمَن مَّعَكَ ۚ قَالَ طَائِرُكُمْ عِندَ اللَّهِ ۖ بَلْ أَنتُمْ قَوْمٌ تُفْتَنُونَ ﴿٤٧﴾

**47** അവർ പറഞ്ഞു: 'നീ മൂലവും നിന്റെ കൂടെയുള്ളവർ മൂലവും ഞങ്ങൾ ശകുനപ്പിഴയിലായിരിക്കുന്നു.' അദ്ദേഹം പറഞ്ഞു: 'നിങ്ങളുടെ ശകുനം അല്ലാഹുവിങ്കൽ രേഖപ്പെട്ടതത്രെ. അല്ല, നിങ്ങൾ (ദൈവികമായ) പരീക്ഷണത്തിന് വിധേയരാകുന്ന ഒരു ജനതയാകുന്നു.'

*47). അവരുടെ പ്രവാചകനായ സ്വാലിഹ്(അ)യോട് നിഷേധിച്ചുകൊണ്ടും നിരസിച്ചുകൊണ്ടും (അവർ പറഞ്ഞു: നീ മൂലവും നിന്റെ കൂടെയുള്ളവർ മൂലവും ഞങ്ങൾ ശകുനപ്പിഴയിൽ ആയിരിക്കുന്നു) സ്വാലിഹിന്റെ മുഖത്ത് നന്മയുടെ ഒരു ലക്ഷണവും കണ്ടില്ലെന്നും അദ്ദേഹവും അദ്ദേഹത്തോടൊപ്പമുള്ള വിശ്വാസികളും അവരുടെ ലൗകിക കാര്യങ്ങൾക്ക് ദോഷങ്ങൾ വരുത്തിയെന്നും അവർ അവകാശപ്പെട്ടു. അപ്പോൾ സ്വാലിഹ് അവരോട് പറഞ്ഞു: (നിങ്ങളുടെ ശകുനം അല്ലാഹുവിങ്കൽ രേഖപ്പെടുത്തപ്പെട്ടതത്രെ). അതായത് നിങ്ങളുടെ പാപങ്ങൾ നിമിത്തം നിങ്ങൾക്കത് സംഭവിച്ചു. (അല്ല, നിങ്ങൾ-ദൈവികമായ-പരീക്ഷണത്തിന് വിധേയരാകുന്ന ഒരു ജനതയാകുന്നു) നിങ്ങൾ പാപം ഉപേക്ഷിച്ച് -പശ്ചാത്തപിക്കുമോ ഇല്ലയോ എന്നറിയാൻ നിങ്ങളെ എപ്പോഴും സന്തോഷത്തിലും ദുഃഖത്തിലും നല്ലതിലും ചീത്തയിലും എളുപ്പത്തിലും പ്രയാസത്തിലും പരീക്ഷിച്ചുകൊണ്ടിരിക്കും. അവർ തങ്ങളുടെ പ്രവാചകനെ തള്ളിപ്പറയുന്നതിൽ ഉറച്ചുനിന്നു. അങ്ങനെയാണ് അവർ അദ്ദേഹത്തോട് പ്രതികരിച്ചത്.*

وَكَانَ فِي الْمَدِينَةِ تِسْعَةُ رَهْطٍ يُفْسِدُونَ فِي الْأَرْضِ وَلَا يُصْلِحُونَ ﴿٤٨﴾

**48** ഭൂമിയിൽ കുഴപ്പമുണ്ടാക്കുന്നവരും ഒരു നന്മയുമുണ്ടാക്കാത്തവരുമായ ഒമ്പതു പേർ ആ പട്ടണത്തിലുണ്ടായിരുന്നു.

*48) (ആ പട്ടണത്തിൽ ഉണ്ടായിരുന്നു) സ്വാലിഹ് നബിയും ഭൂരിഭാഗം ജനങ്ങളും താമസിച്ചിരുന്ന ആ നഗരത്തിൽ. (ഭൂമിയിൽ കുഴപ്പമുണ്ടാക്കുന്നവരും ഒരു നന്മയും ഉണ്ടാക്കാത്തവരുമായ ഒമ്പത് പേർ) അവരുടെ ലക്ഷ്യം നാട്ടിൽ കുഴപ്പങ്ങൾ പ്രചരിപ്പിക്കുക എന്നതായിരുന്നു. നന്മ ചെയ്യുക അവരുടെ ലക്ഷ്യമേ ആയിരുന്നില്ല. അവർ സ്വാലിഹ് നബിക്കെതിരെ ശത്രുതാപരമായ നിലപാടാണ് സ്വീകരിച്ചത്. അദ്ദേഹത്തിന്റെ മതത്തെ ആക്ഷേപിക്കുകയും അതിനായി ആളുകളെ ക്ഷണിക്കുകയും ചെയ്തു. മറ്റൊരിടത്ത് അല്ലാഹു പറയുന്നു:*

فَاتَّقُوا اللَّهَ وَأَطِيعُونِ ﴿١٥٠﴾ وَلَا تُطِيعُوا أَمْرَ الْمُسْرِفِينَ ﴿١٥١﴾ الَّذِينَ يُفْسِدُونَ فِي الْأَرْضِ وَلَا يُصْلِحُونَ ﴿١٥٢﴾

*"ആകയാൽ നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവിൻ. ഭൂമിയിൽ കുഴപ്പമുണ്ടാക്കുകയും നന്മ വരുത്താതിരിക്കുകയും ചെയ്യുന്നവരായ അക്രമകാരികളുടെ കൽപന നിങ്ങൾ അനുസരിച്ചു പോകരുത്" (26:150-152).*

قَالُوا تَقَاسَمُوا بِاللَّهِ لَنُبَيِّتَنَّهُ وَأَهْلَهُ ثُمَّ لَنَقُولَنَّ لِوَلِيِّهِ مَا شَهِدْنَا مَهْلِكَ أَهْلِهِ وَإِنَّا لَصَادِقُونَ ﴿٤٩﴾

**49** അവനെ(സ്വാലിഹിനെ)യും അവന്റെ ആളുകളെയും നമുക്ക് രാത്രിയിൽ കൊന്നു കളയണമെന്നും പിന്നീട് അവന്റെ അവകാശിയോട്, തന്റെ ആളുകളുടെ നാശത്തിന് ഞങ്ങൾ സാക്ഷ്യം വഹിച്ചിട്ടില്ല, തീർച്ചയായും ഞങ്ങൾ സത്യം പറയുന്നവരാകുന്നു എന്ന് നാം പറയണമെന്നും നിങ്ങൾ അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്യണം എന്ന് അവർ തമ്മിൽ പറഞ്ഞുറച്ചു.

*49). ഈ ഭയാനകമായ അവസ്ഥ തുടർന്നു. എത്രത്തോളമെന്നാൽ അവരുടെ വെറുപ്പിനാൽ, അവർ പരസ്പരം (അവനെയും അവന്റെ ആളുകളെയും നമുക്ക് രാത്രിയിൽ കൊന്നുകളയണം) എന്ന് സത്യം ചെയ്തു. അതായത്, രാത്രിയിൽ അവന്റെയും അവന്റെ കുടുംബത്തിന്റെയും അടുത്തേക്ക് ഞങ്ങൾ ചെന്ന് അവരെ തീർച്ചയായും കൊല്ലും എന്ന് സത്യം ചെയ്തു. തീർച്ചയായും ഞങ്ങൾ അവരെ കൊല്ലും. (പിന്നീട് അവന്റെ അവകാശിയോട് പറയണമെന്നും) അവർ വന്ന് ഞങ്ങളാണ് കൊന്നതെന്ന് വാദിച്ചാൽ ഞങ്ങളത് നിഷേധിക്കും. ഞങ്ങൾ അത് ചെയ്തിട്ടില്ലെന്ന് പറയുകയും ചെയ്യും. (തന്റെ ആളുകളുടെ നാശത്തിന് ഞങ്ങൾ സാക്ഷ്യം വഹിച്ചിട്ടില്ല. തീർച്ചയായും ഞങ്ങൾ സത്യം പറയുന്നവരാകുന്നു) ഈ കാര്യം അവർ ഏകകണ്ഠമായി സമ്മതിച്ചു.*

وَمَكَرُوا مَكْرًا وَمَكَرْنَا مَكْرًا وَهُمْ لَا يَشْعُرُونَ ﴿٥٠﴾

**50** അവർ ഒരു തന്ത്രം പ്രയോഗിച്ചു. അവർ ഓർക്കാതിരിക്കെ നാമും ഒരു തന്ത്രം പ്രയോഗിച്ചു.

*50). (അവർ ഒരു തന്ത്രം പ്രയോഗിച്ചു). അവർ ഗൂഢാലോചന നടത്തുകയും ആസൂത്രണം ചെയ്യുകയും ചെയ്തു. അദ്ദേഹത്തിന്റെ ബന്ധുക്കളെ ഭയന്ന് ഗൂഢാലോചന സ്വന്തം ആളുകളിൽ നിന്ന് പോലും അവർ മറച്ചുവെച്ചു. അങ്ങനെ സ്വാലിഹ് നബിയെ കൊല്ലാൻ അവർ തീരുമാനിച്ചു. നമ്മുടെ പ്രവാചകൻ സ്വാലിഹിനെ സഹായിക്കാനും അദ്ദേഹത്തിന് കാര്യങ്ങൾ എളുപ്പമാക്കാനും സത്യനിഷേധികളായ അദ്ദേഹത്തിന്റെ ജനതയെ നശിപ്പിക്കാനും (നാമും അവർ ഓർക്കാതിരിക്കെ ഒരു തന്ത്രം പ്രയോഗിച്ചു)*

فَانظُرْ كَيْفَ كَانَ عَاقِبَةُ مَكْرِهِمْ أَنَّا دَمَّرْنَاهُمْ وَقَوْمَهُمْ أَجْمَعِينَ ﴿٥١﴾

51 എന്നിട്ട് അവരുടെ തന്ത്രത്തിന്റെ പര്യവസാനം എങ്ങനെയായിരുന്നു എന്ന് നോക്കുക. അതെ, അവരെയും അവരുടെ ജനങ്ങളെയും മുഴുവൻ നാം തകർത്തുകളഞ്ഞു.

*51). (എന്നിട്ട് അവരുടെ തന്ത്രത്തിന്റെ പര്യവസാനം എങ്ങനെയായിരുന്നു എന്ന് നോക്കുക) ആ ഗൂഢാലോചനയിലൂടെ അവർ അവരുടെ ലക്ഷ്യം നേടിയോ അതോ പരാജയപ്പെട്ടോ? അതാണ് അല്ലാഹു പറഞ്ഞത്: (അവരെയും അവരുടെ ജനങ്ങളെയും മുഴുവനായി നാം തകർത്തു കളഞ്ഞു) നാം അവരെ നശിപ്പിക്കുകയും പൂർണമായി ഉന്മൂലനം ചെയ്യുകയും ചെയ്തു. ഒരു ശിക്ഷയായി ഘോര ശബ്ദം അവരുടെ മേൽ വന്നു. അവരിൽ അവസാനത്തെ ആളും നശിപ്പിക്കപ്പെട്ടു.*

فَتِلْكَ بُيُوتُهُمْ خَاوِيَةً بِمَا ظَلَمُوا ۗ إِنَّ فِي ذَٰلِكَ لَآيَةً لِّقَوْمٍ يَعْلَمُونَ ﴿٥٢﴾

52 അങ്ങനെ അവർ അക്രമം പ്രവർത്തിച്ചതിന്റെ ഫലമായി അവരുടെ വീടുകളതാ (ശൂന്യമായി) വീണടിഞ്ഞ് കിടക്കുന്നു. തീർച്ചയായും മനസ്സിലാക്കുന്ന ജനങ്ങൾക്ക് അതിൽ ദൃഷ്ടാന്തമുണ്ട്.

*52). (അവരുടെ വീടുകളതാ വീണടിഞ്ഞു കിടക്കുന്നു) അവയുടെ മേൽക്കൂരകൾ അവയുടെ ചുമരുകളിൽ വീണു. അവിടെ താമസക്കാരില്ല. (അവർ അക്രമം ചെയ്തത് നിമിത്തം) അല്ലാഹുവിൽ പങ്കുചേർക്കുക, ഭൂമിയിൽ അതിക്രമം കാണിക്കുക എന്നതിന്റെ അനന്തര ഫലങ്ങളാണത്. (തീർച്ചയായും അതിൽ മനസ്സിലാക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തമുണ്ട്) വസ്തുതകൾ മനസ്സിലാക്കുന്നവർക്ക്. അല്ലാഹു തന്റെ അടുത്ത മിത്രങ്ങളോടും ശത്രുക്കളോടും എങ്ങനെ ഇടപെട്ടുവെന്ന് അവർ ചിന്തിക്കുന്നു. അങ്ങനെ അവർ അതിൽ നിന്ന് പാഠങ്ങൾ പഠിക്കുകയും തെറ്റിന്റെ ഫലം നാശവും തകർച്ചയുമാണെന്ന് മനസ്സിലാക്കുകയും ചെയ്യുന്നു. അതേസമയം, വിശ്വാസത്തിന്റെയും നീതിയുടെയും ഫലം രക്ഷയും വിജയവുമാണെന്ന് അവർ മനസ്സിലാക്കുന്നു.*

وَأَنجَيْنَا الَّذِينَ آمَنُوا وَكَانُوا يَتَّقُونَ ﴿٥٣﴾

53 വിശ്വസിക്കുകയും ധർമനിഷ്ഠ പാലിച്ചു വരികയും ചെയ്തവരെ നാം രക്ഷപ്പെടുത്തുകയും ചെയ്തു.

*53) അതാണ് അല്ലാഹു പറയുന്നത്: (വിശ്വസിക്കുകയും ധർമനിഷ്ഠ പാലിച്ച് വരികയും ചെയ്തവരെ നാം രക്ഷപ്പെടുത്തുകയും ചെയ്തു) അല്ലാഹുവിലും അവന്റെ മലക്കുകളിലും ഗ്രന്ഥങ്ങളിലും ദൂതന്മാരിലും അന്ത്യദിനത്തിലും വിധിയിലും വിശ്വസിച്ചവരെ നാം രക്ഷിച്ചു. അവർ അല്ലാഹുവിൽ പങ്ക് ചേർക്കുന്നതിനെയും തെറ്റുകളെയും സൂക്ഷിച്ചു. അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിച്ചു പ്രവൃത്തിച്ചു.*

സത്യവിശ്വാസി എന്ന നിലയ്ക്ക് നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്നതെല്ലാം അല്ലാഹുവിന്റെ വിധി പ്രകാരമാണെന്ന് നാം ഉറച്ചു വിശ്വസിക്കണം. ഇത്തരം കുട്ടികളുടെ മാതാപിതാക്കൾ ഇത് അല്ലാഹുവിന്റെ പരീക്ഷണമായി കാണണം. അവരെ പരിപാലിക്കുക എന്നത് പലപ്പോഴും ഏറെ പ്രയാസമുള്ളതായിരിക്കും. റബ്ബിന്റെ വിധിയിൽ സമാധാനിച്ചും തൃപ്തിയടഞ്ഞും ലഭ്യമായ അനുഗ്രഹങ്ങൾക്കെല്ലാം നന്ദി കാണിച്ചും ഇങ്ങനെയുള്ള മക്കളെ ചേർത്തുപിടിച്ചാൽ അത് തങ്ങളുടെ സ്വർഗ പ്രവേശനത്തെ എളുപ്പാക്കിയേക്കാമെന്ന പ്രതീക്ഷയോടെ ജീവിതം നയിക്കണം.



# ഡൗൺ സിൻഡ്രോം: തിരിച്ചറിയേണ്ട വസ്തുതകൾ

ഡോ. മറിയാമു

ഡൗൺ സിൻഡ്രോം എന്നത് ഒരു രോഗമല്ല; ജീവിതകാലം മുഴുവൻ നിലനിൽക്കുന്ന ഒരു ജനിതക വൈകല്യമാണ്. നമുക്ക് തടയാൻ കഴിയാത്ത ഈ അവസ്ഥ, ഗർഭധാരണ സമയത്ത് ആകസ്മികമായി ഉണ്ടാകുന്ന ഒരു പിഴവാണ്. മനുഷ്യ കോശത്തിൽ 46 ക്രോമസോമുകളാണ് ഉള്ളത്. എന്നാൽ ഡൗൺ സിൻഡ്രോം എന്ന അവസ്ഥയിൽ അത് 47 ആകും. അതായത് 21ാമത്തെ ജോഡി ക്രോമസോമിന് ഒരു അധികപ്പകർപ്പ് കാണുന്നു. അതിനാൽ ഇതിനെ ട്രൈസോമി-21 എന്നും പറയുന്നു. ഗർഭധാരണ സമയത്തെ മാതാവിന്റെ പ്രായക്കൂടുതൽ ഇതിന് ഒരു സാധ്യത പറയുന്നുണ്ടെങ്കിലും പ്രായക്കുറവുള്ള അമ്മമാർക്കും ഈ രൂപത്തിലുള്ള കുട്ടികൾ ഉണ്ടാകുന്നെണ്ടെന്നാണ് യാഥാർഥ്യം.

ലോക ഡൗൺ സിൻഡ്രോം ദിനം (World Down Syndrome Day) ഓരോ വർഷവും മാർച്ച് 21ന് ആചരിക്കുന്നു. ഈ തീയതി (21/3) ട്രൈസോമി 21-നെ (chromosome 21ന്റെ മൂന്ന് പകർപ്പുകൾ) സൂചിപ്പിക്കുന്നതാണ്.

2026ലെ ലോക ഡൗൺ സിൻഡ്രോം ദിനത്തിന്റെ ഔദ്യോഗിക തീം ‘Together Against Loneliness’ (ഏകാന്തതയ്ക്കെതിരെ ഒരുമിച്ച്) എന്നതാണ്.

ഡൗൺ സിൻഡ്രോമും മറ്റു ബുദ്ധിമാന്ദ്യതകളുമുള്ള പലർക്കും, ആളുകൾക്കിടയിൽ ജീവിക്കുമ്പോഴും പലപ്പോഴും ഏകാന്തത അനുഭവപ്പെടുന്നു എന്ന യാഥാർഥ്യം ഈ തീം ഓർമിപ്പിക്കുന്നു. അതിനാൽ സമൂഹത്തിൽ യഥാർഥ ഉൾക്കൊള്ളൽ, അർഥവത്തായ സൗഹൃദങ്ങൾ, എല്ലാവർക്കും സ്വന്തമാണെന്നൊരു അനുഭവം (sense of belonging) ഉണ്ടാകാൻ സമൂഹം ഒന്നിച്ചു പ്രവർത്തിക്കണം എന്ന സന്ദേശമാണ് ഈ വർഷത്തെ തീം മുന്നോട്ടുവെക്കുന്നത്.

ഇങ്ങനെയുള്ള കുട്ടികൾ ജനിച്ച് അധികം വൈകാതെതന്നെ തിരിച്ചറിയപ്പെടുന്നു. രക്ത പരിശോധനയിലൂടെ അവസ്ഥ സ്ഥിരീകരിക്കപ്പെടുകയും ചെയ്യുന്നു. സ്ഥിരീകരിച്ചാൽ പിന്നെ ചികിത്സ എന്നത് ഓരോ കുട്ടിക്കും വ്യത്യസ്തമായിരിക്കും. കാരണം ഓരോ കുട്ടിയിലും ശാരീരികമായും മാനസികമായും കാണുന്ന ബുദ്ധിമുട്ടുകൾ വ്യത്യസ്തമായിരിക്കും.

**ലക്ഷണങ്ങളും ശാരീരിക സവിശേഷതകളും**

*മുഖസവിശേഷതകൾ:* താഴ്ന്നതുപോലെ തോന്നുന്ന മുഖം (പ്രത്യേകിച്ച് മൂക്കിന്റെ പാലം ഭാഗം), ചെറിയ തല, ചെറിയ വായ, ചെറുതായ കഴുത്ത്, മുകളിലേക്ക് ചെരിഞ്ഞ കണ്ണിമകൾ.

*ശാരീരിക ലക്ഷണങ്ങൾ:* മസിലുകളുടെ ബലക്കുറവ് (Hypotonia), ചെറുതും വൃത്താകൃതിയിലുള്ളതുമായ ചെവികൾ, ചെറുതായ കാലുകൾ, ചിലപ്പോൾ പുറത്തേക്ക് കാണുന്ന നാവ്.

*കൈകളും കാലുകളും:* കൈവെള്ളയിൽ ആഴത്തിലുള്ള ഒറ്റ വര (Simian crease), കാലിലെ ആദ്യത്തെയും രണ്ടാമത്തെയും വിരലുകൾക്കിടയിൽ കൂടുതൽ വിടവ്.

*വളർച്ച:* വളർച്ച സാധാരണയുള്ളതിനെക്കാൾ മന്ദഗതിയിലായിരിക്കും. അതിനാൽ ബാല്യത്തിലും പ്രായ പൂർത്തിയായ ശേഷവും ഉയരം സാധാരണയായി കുറവായിരിക്കും.

ചില കുട്ടികളിൽ ഹൃദയത്തിന് തകരാറുകൾ കാണുന്നു. മറ്റു ചിലരിൽ തൈറോയിഡ് പ്രശ്നങ്ങൾ, വേറെ ചിലരിൽ പേശികളിൽ ബലക്കുറവ് എന്നിങ്ങനെ പല പ്രശ്നങ്ങളാണ് കാണുക. അപ്പോൾ ചികിത്സ എന്നത് ഓരോ പ്രശ്നത്തിനുമുള്ളതാണ്. മാനസികാരോഗ്യ അവസ്ഥയിലും ഇവർ വ്യത്യസ്തരായിരിക്കും. ചില കുട്ടികൾ എല്ലാത്തിനും പരസഹായം വേണ്ട അവസ്ഥയിലാണെങ്കിൽ മറ്റു ചിലർ അത്യാവശ്യം വിദ്യാഭ്യാസം നേടി ജോലി ചെയ്ത് ജീവിതം നയിക്കാൻ പ്രാപ്തരായിരിക്കും. അപൂർവം ചിലർ വിവാഹിതരായി കുടുംബ ജീവിതം നയിക്കാൻ വരെ കഴിവുള്ളവരാകുന്നു. ഇവർക്ക് ഇന്നത്തെ കാലത്ത് ലഭ്യമാകുന്ന സ്പീച്ച് തെറാപ്പി, ഒക്യുപേഷണൽ തെറാപ്പി, ഫിസിയോ തെറാപ്പി തുടങ്ങിയവ ഉപയോഗപ്പെടുത്തണം. ഈ ചികിത്സകളെക്കാളെല്ലാം അവർക്ക് അത്യാവശ്യം കുടുംബത്തിന്റെയും സമൂഹത്തിന്റെയും പിന്തുണയും പ്രോത്സാഹനവുമാണ്.

ഇത്തരം കുട്ടികളെ വളർത്തുമ്പോൾ വളരെയധികം ക്ഷമയും സ്നേഹവും ആവശ്യമാണ്. ലളിതമായ ഭാഷയിൽ സംസാരിക്കുക, കാര്യങ്ങൾ കാണിച്ചുകൊടുക്കുക, ദിനചര്യയിൽ സ്ഥിരത പാലിക്കുക എന്നിവ അവരുടെ വളർച്ചയ്ക്ക് സഹായകമാണ്. ഓരോ ചെറിയ പുരോഗതിയെയും പ്രോത്സാഹിപ്പിക്കുന്നത് അവരുടെ ആത്മവിശ്വാസം വർധിപ്പിക്കും.

സത്യവിശ്വാസി എന്ന നിലയ്ക്ക് നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്നതെല്ലാം അല്ലാഹുവിന്റെ വിധി പ്രകാരമാണെന്ന് നാം ഉറച്ചു വിശ്വസിക്കണം. ഇത്തരം കുട്ടികളുടെ മാതാപിതാക്കൾ ഇത് അല്ലാഹുവിന്റെ പരീക്ഷണമായി കാണണം. അവരെ പരിപാലിക്കുക എന്നത് പലപ്പോഴും ഏറെ പ്രയാസമുള്ളതായിരിക്കും. റബ്ബിന്റെ വിധിയിൽ സമാധാനിച്ചും തൃപ്തിയടഞ്ഞും ലഭ്യമായ അനുഗ്രഹങ്ങൾക്കെല്ലാം നന്ദി കാണിച്ചും ഇങ്ങനെയുള്ള മക്കളെ ചേർത്തുപിടിച്ചാൽ അത് തങ്ങളുടെ സ്വർഗ പ്രവേശനത്തെ എളുപ്പാക്കിയേക്കാമെന്ന പ്രതീക്ഷയോടെ ജീവിതം നയിക്കണം. ജീവിതത്തിൽ കഴിവിന്റെ പരമാവധി സൂക്ഷ്മത കൈകൊള്ളാൻ ശ്രമിക്കുക.

എല്ലാറ്റിലുമുപരി അനിവാര്യമായത് അല്ലാഹുവിനോടുള്ള ആത്മാർഥമായ പ്രാർഥനയാണ്. അവന് സാധിക്കാത്ത കാര്യമില്ലല്ലോ. വിശ്വാസിയുടെ ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്ത ഒരു കാര്യമാണത്. അല്ലാഹുവിന്റെ പ്രീതി സമ്പാദിക്കുവാനുള്ള ഏറ്റവും ഉത്തമമായ മാർഗം അവനോട് തന്റെ ആവശ്യങ്ങളൊക്കെ നിരത്തിക്കൊണ്ട് നിരന്തരം പ്രാർഥിക്കുകയെന്നതാണ്. അല്ലാഹുവിനോട് പ്രാഥിക്കാത്തവനെ അല്ലാഹു ഇഷ്ടപ്പെടുകയോ പരിഗണിക്കുകയോ ചെയ്യില്ല. അല്ലാഹു പറയുന്നു: "(നബിയേ) പറയുക: നിങ്ങളുടെ പ്രാർഥനയില്ലെങ്കിൽ എന്റെ രക്ഷിതാവ് നിങ്ങൾക്ക് എന്ത് പരിഗണന നൽകാനാണ്?..." (ക്വുർആൻ 25: 77).

നമുക്ക് ജീവിതത്തിലെ ഏത് അവസരത്തിലും ആവശ്യമായ എല്ലാ പ്രാർഥനകളും വിശുദ്ധ ക്വുർആനിലൂടെയും തിരുസുന്നത്തിലൂടെയും പഠിപ്പിക്കപ്പെട്ടിരിക്കുന്നു. ഒരു കുട്ടിയെ ആഗ്രഹിക്കുന്ന ദമ്പതികൾ പ്രാർഥിക്കേണ്ട പ്രാർഥന സൂറഃ ആലു ഇംറാനിലെ 38ാം സൂക്തത്തിലൂടെ അല്ലാഹു പഠിപ്പിക്കുന്നുണ്ട്. സക്കരിയ്യാ നബി(അ)യുടെ പ്രാർഥന അല്ലാഹു എടുത്ത് പറയുന്നത് കാണുക: "...എന്റെ രക്ഷിതാവേ, എനിക്ക് നീ നിന്റെ പക്കൽനിന്ന് ഒരു ഉത്തമ സന്താനത്തെ നൽകേണമേ. തീർച്ചയായും നീ പ്രാർഥന കേൾക്കുന്നവനാണല്ലോ..."

സംയോഗ വേളയിലും മറ്റുമുള്ള പ്രാർഥനകൾ ജീവിതത്തിൽ പ്രായോഗികമാക്കുക. അല്ലാഹുവിന്റെ കാരുണ്യവും അവന്റെ സ്വർഗവും പ്രതീക്ഷിക്കുക. അങ്ങനെ ജീവിച്ച് സ്വർഗം കരസ്ഥമാക്കുന്നവരിൽ നമ്മെയെല്ലാവരെയും അല്ലാഹു ഉൾപ്പെടുത്തുമാറാകട്ടെ - ആമീൻ. ■



# റമദാനിൽ നേടിയെടുത്തത് മുറുകെപ്പിടിക്കുക

റോഷൻ പുനലൂർ
: 8590613225

റമദാനിൽ നാം ഒരുപാട് സൽകർമങ്ങൾ അനുഷ്ഠിക്കുകയുണ്ടായി. നാം ശീലിക്കാത്ത പല നല്ല കാര്യങ്ങളും നമ്മുടെ ജീവിതത്തിന്റെ ഭാഗമായിമാറി. ഒരു മാസക്കാലം അല്ലാഹു പ്രത്യേകമായി നിശ്ചയിച്ച വഴിയിലൂടെ ത്യാഗങ്ങൾ സഹിച്ച് നാം മുന്നേറി. ഈ അനുഭവം ഒരു അടിത്തറയാണ്, അതിൽനിന്ന് നന്മ നിറഞ്ഞതും വിശ്വാസം നിറഞ്ഞതുമായ ഒരു ജീവിതം പടുത്തുയർത്താൻ കഴിയണം. ഇതിന് പരിശ്രമവും ദൃഢനിശ്ചയവും ആവശ്യമാണ്. കാരണം, ദിവസങ്ങൾ കഴിയുമ്പോൾ ആത്മാവിന് ക്ഷീണം അനുഭവ പ്പെടാം. അതിനാൽ, റമദാന് ശേഷം നേർവഴിയിൽ നിലനിൽക്കാനും സൽകർമങ്ങൾ തുടരാനും വിശ്വാസികൾ ചിലത് ശ്രദ്ധിക്കണം:

**റമദാനിൽ നേടിയെടുത്തത് മുറുകെപ്പിടിക്കുക**

റമദാൻ ആരാധനകൾ വർധിപ്പിക്കുന്നതിനും പുണ്യങ്ങൾ നേടുന്നതിനുമുള്ള അവസരമായിരുന്നു. ആത്മാവിനെ മികച്ചരീതിയിൽ നമുക്ക് പരിശീലിപ്പിക്കാനായി. അത്

**ഹിദായത്തിന് വേണ്ടി എപ്പോഴും അല്ലാഹുവിനോട് ചോദിച്ചുകൊണ്ടിരിക്കുക. നല്ലവരുടെ സഹവാസം തേടുകയും അശ്രദ്ധരിൽനിന്ന് അകന്നു നിൽക്കുകയും ചെയ്യുക. നല്ല കൂട്ടുകെട്ട് സ്ഥിരത നിലനിർത്താനും സൽകർമങ്ങളിൽനിന്ന് അകന്നു പോകാതിരിക്കാനും ഒരു മുസ്‌ലിമിനെ സഹായിക്കുന്നു. റമദാന് ശേഷം ജനങ്ങൾക്ക് ആരാധനകൾ നിർവഹിക്കുന്നതിൽ ക്ഷീണം അനുഭവപ്പെടാം. അവിടെയാണ് നല്ല കൂട്ടുകെട്ടിന്റെ പങ്ക് പ്രകടമാകുന്നത്. അവർ പ്രതിബദ്ധതയിലും തുടർച്ചയോടെ കാര്യങ്ങൾ ചെയ്യുന്നതിനും നമ്മെ സഹായിക്കുന്നു.**



താൽക്കാലികമായ ഒന്നാക്കരുത് മറിച്ച് ആരാധനകൾ നിറഞ്ഞ ജീവിതത്തിലേക്ക് കുതിക്കാനുള്ള ഒരു മാർഗമാക്കണം. റമദാനിൽ സ്വയം ആരാധനയിൽ ഏർപ്പെടാൻ പ്രയത്നിച്ചിട്ടുണ്ടെങ്കിൽ, അത് മഹത്തായ നേട്ടമാണ്. അത് നഷ്ടപ്പെടുത്തുന്നത് അനുചിതമാണ്; നിലനിർത്തി സൽകർമങ്ങളിലൂടെ ജീവിതത്തിന് അടിത്തറ പാകണം.

**അല്ലാഹുവിനോട് നിരന്തരം സഹായം തേടുക.**

അടിമകളുടെ ഹൃദയങ്ങൾ അല്ലാഹുവിന്റെ വിരലുകൾക്കിടയിലാണ്, അവൻ ഇച്ഛിക്കുന്നതുപോലെ അവ മാറിമറിയുന്നു. അല്ലാഹു താൻ ഉദ്ദേശിക്കുന്നവരെ നേർവഴിയിലേക്ക് നയിക്കുന്നു. അതിനാൽ, അവനോട് നിരന്തരം പ്രാർഥിക്കാനും സഹായം തേടാനും അവൻ നമ്മളോട് കൽപിക്കുന്നു.

ചിന്തിക്കുന്ന സത്യവിശ്വാസികളുടെ പ്രാർഥന ക്വുർആൻ പഠിപ്പിക്കുന്നത് കാണുക: “ഞങ്ങളുടെ നാഥാ, ഞങ്ങളെ നീ സൻമാർഗത്തിലാക്കിയതിനു ശേഷം ഞങ്ങളുടെ മനസ്സുകളെ നീ തെറ്റിക്കരുതേ. നിന്റെ അടുക്കൽ നിന്നുള്ള കാരുണ്യം ഞങ്ങൾക്ക് നീ പ്രദാനം ചെയ്യേണമേ. തീർച്ചയായും നീ അത്യധികം ഔദാര്യവാനാകുന്നു” (ക്വുർആൻ 3:8).

ആഇശ(റ) നിവേദനം; നബി(സ്വ) ഇപ്രകാരം പറയാറുണ്ടായിരുന്നു: “ഹൃദയങ്ങളെ മാറ്റിമറിക്കുന്നവനേ, എന്റെ ഹൃദയത്തെ നിന്റെ മതത്തിലും നിന്നോടുള്ള അനുസരണയിലും ഉറപ്പിച്ചു നിർത്തേണമേ” (അഹ്മദ്).

ഹിദായത്തിന് വേണ്ടി എപ്പോഴും അല്ലാഹുവിനോട് ചോദിച്ചുകൊണ്ടിരിക്കുക. നല്ലവരുടെ സഹവാസം തേടുകയും അശ്രദ്ധരിൽനിന്ന് അകന്നു നിൽക്കുകയും ചെയ്യുക. നല്ല കൂട്ടുകെട്ട് സ്ഥിരത നിലനിർത്താനും സൽകർമങ്ങളിൽനിന്ന് അകന്നു പോകാതിരിക്കാനും ഒരു മുസ്‌ലിമിനെ സഹായിക്കുന്നു. റമദാന് ശേഷം ജനങ്ങൾക്ക് ആരാധനകൾ നിർവഹിക്കുന്നതിൽ ക്ഷീണം അനുഭവപ്പെടാം. അവിടെയാണ് നല്ല കൂട്ടുകെട്ടിന്റെ പങ്ക് പ്രകടമാകുന്നത്. അവർ പ്രതിബദ്ധതയിലും തുടർച്ചയോടെ കാര്യങ്ങൾ ചെയ്യുന്നതിനും നമ്മെ സഹായിക്കുന്നു. മനുഷ്യൻ ചുറ്റുമുള്ളവരാൽ സ്വാധീനിക്കപ്പെടുന്നു, അതിനാൽ നമ്മുടെ കൂട്ടുകെട്ട് നല്ലതാണെങ്കിൽ, അവർ നമ്മെ പാപങ്ങളിൽനിന്ന് അകറ്റി നിർത്താനും നന്മയിൽ നിലനിൽക്കാനും സഹായിക്കും. എന്നാൽ തന്റെ നാഥനെ ഓർമി

ക്കുന്നതിൽനിന്ന് അശ്രദ്ധനായവന്റെ കൂട്ടുകെട്ട് തിന്മയും വഴികേടുമാണ്. അത് അല്ലാഹുവിന്റെ കാര്യത്തിൽ അശ്രദ്ധയിലേക്ക് നയിക്കുന്നു.

അല്ലാഹു നല്ലവരുടെ സഹവാസം തേടാനും അശ്രദ്ധരിൽ നിന്ന് അകന്നുനിൽക്കാനും ആജ്ഞാപിച്ചിരിക്കുന്നു: "തങ്ങളുടെ രക്ഷിതാവിന്റെ മുഖം ലക്ഷ്യമാക്കിക്കൊണ്ട് കാലത്തും വൈകുന്നേരവും അവനോട് പ്രാർഥിച്ചുകൊണ്ടിരിക്കുന്നവരുടെ കൂടെ നീ നിന്റെ മനസ്സിനെ അടക്കി നിർത്തുക. ഇഹലോക ജീവിതത്തിന്റെ അലങ്കാരം ലക്ഷ്യമാക്കിക്കൊണ്ട് നിന്റെ കണ്ണുകൾ അവരെ വിട്ടുമാറിപ്പോകാതിരിക്കട്ടെ. ഏതൊരുവന്റെ ഹൃദയത്തെ നമ്മുടെ സ്മരണയെ വിട്ടു നാം അശ്രദ്ധമാക്കിയിരിക്കുന്നുവോ, ഏതൊരുവൻ തന്നിഷ്ടത്തെ പിന്തുടരുകയും അവന്റെ കാര്യം അതിരുകവിഞ്ഞതായിരിക്കുകയും ചെയ്തുവോ, അവനെ നീ അനുസരിച്ചു പോകരുത്" (ഖുർആൻ 18:28).

നല്ലവരുടെ സഹവാസം നേർവഴിയിൽ നിലനിൽക്കാനുള്ള ഏറ്റവും വലിയ സഹായമാണ്. നല്ല വ്യക്തികൾ എപ്പോഴും കൂടെയുണ്ടായതു കാരണം റമദാനിൽ ആരാധന എളുപ്പമായിരുന്നു. എന്നാൽ തനിച്ചാകുമ്പോഴും അശ്രദ്ധയിലാകുമ്പോഴുമാണ് നാം ബുദ്ധിമുട്ടുന്നത്.

റമദാന് ശേഷവും സൽകർമങ്ങൾ മുറുകെപ്പിടിക്കാൻ കഴിയുന്നുണ്ടെങ്കിൽ അവ സ്വീകരിക്കപ്പെട്ടതിന്റെ തെളിവാണെന്ന് മനസ്സിലാക്കുക. ആരാധന സ്വീകരിക്കപ്പെട്ടതിന്റെ അടയാളം അതിന് ശേഷം മറ്റൊരു ആരാധനയ്ക്കുള്ള അനുഗ്രഹം ലഭിക്കുന്നതാണെന്ന് പണ്ഡിതന്മാർ പറയുന്നുണ്ട്. അല്ലാഹു ഒരു അടിമയുടെ സൽകർമം സ്വീകരിക്കുമ്പോൾ, അവനെ ആ കർമം ചെയ്യാനും അത് നിലനിർത്താനും അനുഗ്രഹിക്കുന്നു. ഇത് റമദാന് ശേഷം നേർവഴിയിൽ നിലനിൽക്കാൻ വിശ്വാസിയെ സഹായിക്കുന്നു.

**റമദാന് ശേഷവും സൽകർമങ്ങൾ മുറുകെപ്പിടിക്കാൻ കഴിയുന്നുണ്ടെങ്കിൽ അവ സ്വീകരിക്കപ്പെട്ടതിന്റെ തെളിവാണെന്ന് മനസ്സിലാക്കുക. ആരാധന സ്വീകരിക്കപ്പെട്ടതിന്റെ അടയാളം അതിന് ശേഷം മറ്റൊരു ആരാധനയ്ക്കുള്ള അനുഗ്രഹം ലഭിക്കുന്നതാണെന്ന് പണ്ഡിതന്മാർ പറയുന്നുണ്ട്. അല്ലാഹു ഒരു അടിമയുടെ സൽകർമം സ്വീകരിക്കുമ്പോൾ, അവനെ ആ കർമം ചെയ്യാനും അത് നിലനിർത്താനും അനുഗ്രഹിക്കുന്നു. ഇത് റമദാന് ശേഷം നേർവഴിയിൽ നിലനിൽക്കാൻ വിശ്വാസിയെ സഹായിക്കുന്നു.**

### നിർമാണം പൂർത്തിയായതിനു ശേഷം തകർത്തുകളയാതിരിക്കുക

നമസ്കാരം നിലനിർത്തുന്നതിലൂടെയും ദാനധർമം തുടരുന്നതിലൂടെയും നോമ്പിലൂടെയും വികാരങ്ങൾ നിയന്ത്രിച്ച് നിറുത്തുന്നതിലൂടെയും വിശ്വാസി റമദാനിൽ തന്റെ നാഥനുമായുള്ള ബന്ധം കെട്ടിപ്പടുക്കാൻ ശ്രദ്ധിച്ചിരുന്നു. റമദാനിൽ മനോഹരമായ കെട്ടിടം പണിതശേഷം അത് തകർക്കുന്നത് ഒരു വിശ്വാസിക്ക് അനുചിതമാണ്. അല്ലാഹു അതിനെക്കുറിച്ച് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്: "ഭദ്രതയോടെ നൂൽ നൂറ്റശേഷം അത് പല തുണ്ടുകളാക്കി പൊട്ടിച്ചുകളഞ്ഞവളെപ്പോലെ നിങ്ങളാകരുത്...' (16:92).

അല്ലാഹു ഖുർആനിൽ അനുസരണയിൽനിന്ന് അനുസരണക്കേടിലേക്ക് നീങ്ങുന്നവരെ നിന്ദിക്കുന്ന ഒരു ഉപമ പ്രസ്താവിക്കുന്നുണ്ട്: '' നാം നമ്മുടെ ദൃഷ്ടാന്തങ്ങൾ നൽകിയിട്ട് അതിൽനിന്ന് ഊരിച്ചാടുകയും അങ്ങനെ പിശാച് പിന്നാലെ കൂടുകയും എന്നിട്ട് ദുർമാർഗികളുടെ കൂട്ടത്തിലാവുകയും ചെയ്ത ഒരുവന്റെ വൃത്താന്തം നീ അവർക്ക് വായിച്ചുകേൾപിച്ചു കൊടുക്കുക. നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവ (ദൃഷ്ടാന്തങ്ങൾ) മൂലം അവന്ന് ഉയർച്ച നൽകുമായിരുന്നു. പക്ഷേ, അവൻ ഭൂമിയലേക്ക് (അത് ശാശ്വതമാണെന്ന ഭാവേന) തിരിയുകയും അവന്റെ തന്നിഷ്ടത്തെ പിൻപറ്റുകയുമാണ് ചെയ്തത്. അപ്പോൾ അവന്റെ ഉപമ ഒരു നായയുടെത് പോലെയാകുന്നു. നീ അതിനെ ആക്രമിച്ചാൽ അത് നാവ് തൂക്കിയിടും. നീ അതിനെ വെറുതെ വിട്ടാലും അത് നാവ് തൂക്കിയിടും. അതാണ് നമ്മുടെ ദൃഷ്ടാന്തങ്ങൾ നിഷേധിച്ച് തള്ളിയവരുടെ ഉപമ..." (ഖുർആൻ 7: 175,176).

ശീലിച്ചതിന് ശേഷം ആരാധന ഉപേക്ഷിക്കുന്നതിനെക്കുറിച്ച് നബി(സ്വ) മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അബ്ദുല്ലാഹ് ഇബ്നു അംറ് ഇബ്നുൽ ആസ്(റ) പറഞ്ഞു: ''നബി(സ്വ) എന്നോട് പറഞ്ഞു: 'അബ്ദുല്ലാഹ്, നീ ഇന്നയാളെപ്പോലെ ആകരുത്, അവൻ രാത്രി നമസ്കാരം നിർവഹിച്ചിരുന്നു, പിന്നീട് അത് ഉപേക്ഷിച്ചു."

വിമർശനം

# സമസ്ത ‘കേരള യാത്രകൾ’ സമൂഹത്തിന് സമ്മാനിച്ചതെന്ത്?

2


മൂസ സ്വലാഹി കാര
: 97473 45768




**ബന്ധവിഛേദന നയത്തിന് ബലക്ഷയം ബാധിച്ച യാത്രകൾ**

തൗഹീദിലും സുന്നത്തിലും അടിയുറച്ച്, പ്രമാണങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്ന അഹ്ലുസ്സുന്നയെ സമസ്തയുടെ നൂതന വാദങ്ങൾക്ക് വഴങ്ങുന്നില്ലെന്ന ഒറ്റക്കാരണത്താൽ നവീന വാദികളാക്കി മുദ്രകുത്തുകയും അവർക്കെതിരെ ‘ബന്ധവിഛേദന പ്രമേയം’ പാസ്സാക്കുകയുമുണ്ടായി.

“ചോദ്യത്തിൽ വിവരിച്ച ഇരു കക്ഷികളും ദീനിന്റെ അഇമത്തുകളെ തെറ്റാക്കിയവരും അവരുടെ കിതാബുകളിൽ സ്ഥിരപ്പെടുത്തിയ ഹുകുമുകളെ റദ്ദാക്കിയവരും അതിനെതിരെ പുതിയത് കൊണ്ടുവന്ന് ജനങ്ങളെ വഴിപിഴപ്പിക്കുകയും ചെയ്യുന്നതിനാൽ അവർ സംശയം തീർന്ന മുബ്തദിഈങ്ങളും മുഫ്സിദീങ്ങളുമായത് കൊണ്ട് അവരോട് മുബ്തദിഈങ്ങളോട് പെരുമാറേണ്ട നിലയിൽ പെരുമാറൽ നിർബന്ധമാണ്. മുബ്തദിഈങ്ങളുമായി പെരുമാറേണ്ട ചുരുക്ക സംഗതികൾ അവരുമായി കൂടി പെരുമാറാതിരിക്കുക, അവരുമായി കണ്ടുമുട്ടിയാൽ സലാം ചൊല്ലാതിരിക്കുക, അവർ സലാം ചൊല്ലിയാൽ മടക്കാതിരിക്കുക, അവരുമായി വിവാഹ ബന്ധം നടത്താതിരിക്കുക, അവരെ പിൻതുടർന്ന് നിസ്കരിക്കാതിരിക്കുക തുടങ്ങിയ കാര്യങ്ങൾ ഇതിൽ പെടുന്നു” (ഇവരെ എന്തുകൊണ്ട് അകറ്റണം?/ചാലിയം എ.പി അബൂബക്കർ മുസ്ലിയാർ/പേജ് 16).




**മുജാഹിദുകളുമായി ഒരുമിക്കുക, പെരുമാറുക, അവർക്ക് വെള്ളം കൊടുക്കാതിരിക്കുക എന്നീ, സുന്നികൾക്ക് ഭൂഷണമല്ലാതിരുന്ന വിഷയങ്ങളെല്ലാം കേരള യാത്രകൾ അവസാനിച്ചപ്പഴേക്ക് അനുവദനീയമായി മാറിയത് ദുഷ്പേര് നീങ്ങിക്കിട്ടാനുള്ള ശ്രമത്തിന്റെ ഭാഗം മാത്രമാണ്. എന്നാലും അങ്ങനെ തിരുത്തി പ്പറയാൻ തയ്യാറായതിൽ അഭിനന്ദിക്കാതെ വയ്യ.**

മാനുഷിക പരിഗണന പോലും വിശ്വാസികൾക്ക് നൽകരുതെന്ന നിലപാടായിരുന്നു ഇവരുടെത്!

“മുബ്തദിഉമായി ഒരുമിക്കുക, അവരുമായി കൂടിച്ചേരുക, സ്നേഹിക്കുക തുടങ്ങിയവ ചെയ്യുന്നത് ഒരു സുന്നിക്ക് ഭൂഷണമല്ല” (പുത്തൻ പ്രസ്ഥാനക്കാരുമായുള്ള ബന്ധം/പിഎസ്എം ബുർഹാനുദ്ദീൻ/ കാന്തപുരം മർകസ് മുദർരിസ്/പേജ് 56).

കാന്തപുരത്തിന്റെ ആശീർവാദത്തോടെ ഒരു സഖാഫി എഴുതിയ പുസ്തകത്തിൽനിന്ന് വായിക്കാം: “മുബ്തദിഇന്റെ വെള്ളം മുടക്കാം. വന്യജീവികളോട് കാണിക്കുന്ന സ്നേഹം പോലും മുബ്തദിആയ മനുഷ്യനോട് കാണിക്കരുതെന്നാണ് ഫിഖ്ഹ് ഗ്രന്ഥങ്ങളിലുള്ള നിർദേശം” (ആധുനിക പ്രശ്നങ്ങൾ ഫിഖ്ഹിലൂടെ/ഹുസൈൻ സഖാഫി അൽകാമിലി ഓമച്ചപ്പുഴ).

സമസ്തയുടെ സ്വരൂപം ഇങ്ങനെയായിരിക്കേ മനുഷ്യർക്കൊപ്പമെന്ന വാചകമടി ആരെയൊക്കെയോ സുഖിപ്പിക്കാനും കയ്യിലെടുക്കാനും വേണ്ടി മാത്രമാണെന്നത് വ്യക്തമാണല്ലോ.

യാത്രയുടെ നിഗൂഢ ലക്ഷ്യങ്ങൾ ചുഴിഞ്ഞ് കൊണ്ടുള്ള ചോദ്യങ്ങൾക്ക് ഇരുവരും നൽകിയ പ്രതികരണങ്ങൾ വായിക്കാം:

“എന്നാൽ മനുഷ്യർക്കൊപ്പം എന്നതിൽ ചിലർ ഇല്ല. അഥവാ മുജാഹിദ്, ജമാഅത്തെ ഇസ്‌ലാമി തുടങ്ങിയ വിഭാഗങ്ങൾ ഇല്ല എന്ന ആക്ഷേപം വരുന്നുണ്ട്?”

“മനുഷ്യർക്കൊപ്പം എന്ന സന്ദേശത്തിന്റെ ഭാഷാപരവും പ്രയോഗപരവുമായ അർഥം മനുഷ്യർക്കൊപ്പം എന്നു തന്നെയാണ്. അതിൽ ഒരു മനുഷ്യനും ഒഴിവില്ല. മാനുഷികമായ സേവനങ്ങളുടെയും സഹായങ്ങളുടെയും സഹകരണങ്ങളുടെയും തലത്തിൽ എല്ലാവരെയും ഒരുപോലെ നമ്മൾ കാണുന്നു” (രിസാല/2026 ജനുവരി 14/പേജ് 14,15).

“ജമാഅത്തെ ഇസ്‌ലാമി-മുജാഹിദ് പ്രസ്ഥാനങ്ങളോട് ആശയതലത്തിൽ മാത്രമാണ് എതിർപ്പുള്ളതെന്ന് സമസ്ത പ്രസിഡന്റ് സയ്യിദ് ജിഫ്രി മുത്തുക്കോയ തങ്ങൾ പറഞ്ഞു. അല്ലാതെ മനുഷ്യരെന്ന നിലയിൽ അവരോട് വെറുപ്പില്ല. അങ്ങിനെ വെറുക്കാനും പാടില്ല” (സുപ്രഭാതം 29/12/2025 തിങ്കൾ/ പേജ് 2).

1950കളിൽ അഹ്മദ് കോയ ശാലിയാത്തിയും മറ്റു മുസ്‌ലിയാക്കന്മാരും കൊടുത്ത ‘ബന്ധവിഛേദന ഫത്‌വ’ സമസ്തക്കാർക്ക് ഇപ്പോൾ ചങ്കിൽ കുടുങ്ങിയ മുള്ള് പോലെയായിട്ടുണ്ട് എന്നതിന്റെ വ്യക്തമായ തെളിവാണിത്. കടുത്ത ആദർശവിരോധികളായ മുസ്‌ലിയാക്കൾ മാത്രമെ ഈ ഫത്‌വയെ ഗൗനിച്ചിട്ടുള്ളൂ എന്നതാണ് സത്യം. സാധാരണക്കാർ അതിനെ വിലവെച്ചിട്ടില്ല. അവർ സലാം പറയലും മടക്കലും മയ്യിത്ത് നിസ്കരിക്കലും പരസ്പര സഹായങ്ങളിലേർപ്പെടലും കല്യാണം കൂടലും ഒരു

മിച്ച് വ്യവഹാരം നടത്തിലും പൊതു ആവശ്യങ്ങളിൽ ഒന്നിച്ചിരിക്കലുമായി സമൂഹത്തിൽ ഇന്നും സജീവമാണ്.

മുജാഹിദുകളുമായി ഒരുമിക്കുക, പെരുമാറുക, അവർക്ക് വെള്ളം കൊടുക്കാതിരിക്കുക എന്നീ, സുന്നികൾക്ക് ഭൂഷണമല്ലാതിരുന്ന വിഷയങ്ങളെല്ലാം കേരള യാത്രകൾ അവസാനിച്ചപ്പഴേക്ക് അനുവദനീയമായി മാറിയത് ദുഷ്‌പേര് നീങ്ങിക്കിട്ടാനുള്ള ശ്രമത്തിന്റെ ഭാഗം മാത്രമാണ്. എന്നാലും അങ്ങനെ തിരുത്തിപ്പറയാൻ തയ്യാറായതിൽ അഭിനന്ദിക്കാതെ വയ്യ.

**നവോത്ഥാന ചരിത്രത്തെ റാഞ്ചാൻ നോക്കിയ യാത്രകൾ**

മുജാഹിദ് പ്രസ്ഥാനം നടത്തിയ നവോത്ഥാന നന്മകളുടെ തുടക്കത്തെ നിഷേധിച്ചും തുടർച്ചയെ നിരീക്ഷിച്ചും അതിന്റെ ഫലങ്ങൾ അനുഭവിച്ചും പിന്നീട് അത് അവകാശപ്പെടാനും മടിയില്ലാതെ പോയവരാണ് സമസ്തക്കാർ. യാത്രകളിലുടനീളം നവോത്ഥാനത്തിന്റെ പൂർണാവകാശം കയ്യടക്കാൻ കയ്യടിപ്പിക്കലായിരുന്നു മുഖ്യം:

“സമൂഹത്തിൽ ഇന്ന് കാണുന്ന പല മാറ്റങ്ങൾക്കും കാരണം സുൽത്വാനുൽ ഉലമയുടെയും പ്രസ്ഥാനത്തിന്റെയും വിദ്യാഭ്യാസ മുന്നേറ്റമാണെന്ന് പ്രഭാഷകർ ആവർത്തിച്ചു പറഞ്ഞു” (സുന്നിവോയ്സ്/2026 ഫെബ്രു 1-15/പേജ് 18).

കേരള മുസ്‌ലിംകളുടെ മുൻകാല ചരിത്രമറിയാത്തവരെ തെറ്റുധരിപ്പിക്കാൻ ഇതുകൊണ്ടായാക്കാം. എന്നാൽ ചരിത്ര വസ്തുതയെ ഇല്ലാതാക്കിമാറ്റാൻ കഴിയില്ലല്ലോ.

“മത, സാമൂഹിക, സാംസ്കാരിക, വൈജ്ഞാനിക മേഖലകളിൽ സക്രിയമായ ഇടപെടലുകൾ സാധ്യമാക്കിയ സമസ്ത ഇന്ന് നൂറ്റാണ്ടിന്റെ നിറവിൽ പരിലസിക്കുകയാണ്” (സുന്നിഅഫ്കാർ/2026 ജനുവരി 16-31/പേജ്,39)

സമൂഹത്തിന്റെ മതം, വിദ്യാഭ്യാസം, സംസ്കാരം തുടങ്ങീ നാനാ മേഖലകളിലുമുള്ള നവോത്ഥാനത്തിന് നേതൃത്വം കൊടുത്തവരെ ഇകഴ്ത്തിയും പിഴച്ചവരെന്ന് മുദ്രകുത്തിയും നൂറ് വർഷം തികച്ചവർ ഇത്തരം അവകാശവാദങ്ങളിലൂടെ സമൂഹത്തെ പരിഹസിക്കുകയാണ് ചെയ്യുന്നത്.

**പൂവണിയാത്ത മോഹങ്ങൾ നിറഞ്ഞ യാത്രകൾ**

കാന്തപുരത്തിന്റെ യാത്രയെപ്പറ്റിയുള്ള അഭിപ്രായം പ്രകടനം കാണുക: “ഉള്ളാൾ ദർഗാ ശരീഫിൽനിന്ന് ആരംഭിച്ച യാത്ര കാസർകോട് മുതൽ തിരുവനന്തപുരം വരെ 17 സ്വീകരണ സമ്മേളനങ്ങൾക്ക് സാക്ഷ്യം വഹിച്ചു. പരിശുദ്ധ ഖുർആനിൽ 17 സ്ഥലങ്ങളിൽ യാത്രയെ കുറിച്ച് പറയുന്നുണ്ടെന്നത് യാദൃച്ഛികമാവാം” (സുന്നി വോയ്സ് 2026 ഫെബ്രുവരി 1-15/പേജ് 15).

ദർഗയിൽനിന്ന് തുടങ്ങിയ യാത്രയെയാണ് ഖുർആൻ പരിചയപ്പെടുത്തുന്ന യാത്രകളുമായി തുലനം ചെയ്യുന്നത്! ശിർക്കിന്റെയും കുഫ്റിന്റെയും ആളുകളുടെ പര്യവസാനം എങ്ങനെയെന്ന് നോക്കിക്കാണുവാനും അതിൽനിന്ന് ഗുണപാഠം ഉൾക്കൊള്ളുവാനുമാണ് അല്ലാഹു പറയുന്നത് എന്ന കാര്യം ഓർക്കുക.

ജിഫ്രി തങ്ങളുടെ യാത്രക്കുള്ള പോരിശകൂടി വായിക്കാം: “ആദം നബി(അ) മുതലുള്ള അമ്പിയാക്കൾ വിശ്വാസപരമായി സ്വീകരിച്ചുപോന്ന ശൈലി, നിലപാട് ഇതിന്റെയെല്ലാം തുടർച്ചയായിട്ടാണ് സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ ഉത്ഭവം. ഈ വിശ്വാസ ധാരയുടെ മർമ്മം മനസ്സിലാക്കിയ മുൻഗാമികളായ മഹാന്മാരാണ് സമസ്തക്ക് രൂപം നൽകിയത്” (സുന്നിഅഫ്കാർ/ 2026 ജനുവരി 16-31/പേജ് 40).

വഴി പിഴച്ച ശിയാ-സൂഫീ മാർഗങ്ങളായിരുന്നുവോ ആദം നബി(അ) മുതലുള്ള അമ്പിയാക്കളുടെ മാർഗം?

നിർമിത ആദർശത്തെ താൽക്കാലികമായി ഇങ്ങനെയൊക്കെ ഏച്ചുകൂട്ടി നിലനിർത്താൻ സാധിച്ചേക്കാം. ആളുകളുടെ ബാഹുല്യം ചൂണ്ടിക്കാട്ടി ആഹ്ലാദിക്കുകയും ചെയ്യാം. എന്നാൽ മത വിശ്വാസത്തിന്റെ കരുത്ത് പ്രമാണങ്ങളാണ്, അത് ആൾബലത്തിൽ അധിഷ്ഠിതമല്ല എന്ന് തിരിച്ചറിയുന്നത് നല്ലതാണ്.

അല്ലാഹു പറയുന്നു: “അവൻ (അല്ലാഹു) പറയും: ‘ജിന്നുകളിൽനിന്നും മനുഷ്യരിൽനിന്നുമായി നിങ്ങൾക്കു മുമ്പ് കഴിഞ്ഞുപോയിട്ടുള്ള സമൂഹങ്ങളുടെ കൂട്ടത്തിൽ നരകത്തിൽ പ്രവേശിച്ചുകൊള്ളുക.’ ഓരോ സമൂഹവും (അതിൽ) പ്രവേശിക്കുമ്പോഴൊക്കെ അതിന്റെ സഹോദര സമൂഹത്തെ ശപിക്കും. അങ്ങനെ അവരെല്ലാവരും അവിടെ ഒരുമിച്ചുകൂടിക്കഴിഞ്ഞാൽ അവരിലെ പിൻഗാമികൾ അവരുടെ മുൻഗാമികളെപ്പറ്റി പറയും: ‘ഞങ്ങളുടെ രക്ഷിതാവേ, ഇവരാണ് ഞങ്ങളെ വഴിതെറ്റിച്ചത്. അതുകൊണ്ട് അവർക്ക് നീ നരകത്തിൽ നിന്ന് ഇരട്ടി ശിക്ഷ കൊടുക്കേണമേ.’ അവൻ പറയും: ‘എല്ലാവർക്കും ഇരട്ടിയുണ്ട്.’ പക്ഷേ, നിങ്ങൾ മനസ്സിലാക്കുന്നില്ല” (7:38). ■




# സ്രഷ്ടാവിന്റെ അനുഗ്രഹങ്ങളും മനുഷ്യന്റെ നന്ദികേടും

ഇഅ്ജാസ് ബിൻ ഇസ്മാഈൽ,
മസ്കത്ത്
: 00968-98242217

മനുഷ്യൻ എപ്പോഴും തെളിവുകൾ അന്വേഷിക്കുന്നവനാണ്. ദൈവമുണ്ടോ, ഉണ്ടെങ്കിൽ എന്താണ് തെളിവ് എന്നു ചോദിക്കുന്നവരുണ്ട്. അത്തരം ആളുകളോട് വലിയ വലിയ ദാർശനിക തത്ത്വങ്ങൾ പറയുന്നതിന് പകരം, മനുഷ്യന്റെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട ഏറ്റവും ലളിതമായ ഒരു ചോദ്യം ഉന്നയിക്കുകയാണ് ക്വുർആൻ ഇവിടെ ചെയ്യുന്നത്. ചുറ്റും നോക്കാനും സ്വന്തം ജീവിതത്തെക്കുറിച്ച് ചിന്തിക്കാനും ഈ വചനം ആവശ്യപ്പെടുന്നു.

يَا أَيُّهَا النَّاسُ اذْكُرُوا نِعْمَتَ اللَّهِ عَلَيْكُمْ ۚ هَلْ مِنْ خَالِقٍ غَيْرُ اللَّهِ يَرْزُقُكُم مِّنَ السَّمَاءِ وَالْأَرْضِ ۚ لَا إِلَٰهَ إِلَّا هُوَ ۖ فَأَنَّىٰ تُؤْفَكُونَ

"മനുഷ്യരേ, അല്ലാഹു നിങ്ങൾക്ക് ചെയ്ത അനുഗ്രഹം നിങ്ങൾ ഓർമിക്കുക. ആകാശത്തുനിന്നും ഭൂമിയിൽനിന്നും നിങ്ങൾക്ക് ഉപജീവനം നൽകാൻ അല്ലാഹുവല്ലാത്ത വല്ല സ്രഷ്ടാവുമുണ്ടോ?

അവനല്ലാതെ യാതൊരു ദൈവവുമില്ല. അപ്പോൾ നിങ്ങൾ എങ്ങനെയാണ് തെറ്റിക്കപ്പെടുന്നത്?” (ഖുർആൻ 35:3)

അനുഗ്രഹങ്ങളെ ഓർക്കുക: ‘അല്ലാഹുവിന്റെ അനുഗ്രഹം ഓർമിക്കുക’ എന്നതാണ് ആദ്യത്തെ കൽപന. നാം ശ്വസിക്കുന്ന വായു, കുടിക്കുന്ന വെള്ളം, പിഴവുകളില്ലാതെ പ്രവർത്തിക്കുന്ന നമ്മുടെ ആന്തരിക അവയവങ്ങൾ, പ്രകൃതിയിലെ താളലയം... ഇതെല്ലാം നാം പണം കൊടുത്ത് വാങ്ങിയതാണോ? അല്ല! ഇതെല്ലാം അല്ലാഹുവിന്റെ ഔദാര്യമാണ്. ഈ അനുഗ്രഹങ്ങളെക്കുറിച്ച് ബോധവാനാകുന്ന ഒരു വ്യക്തിക്ക് ഒരിക്കലും സ്രഷ്ടാവിനോട് നന്ദികേട് കാണിക്കാൻ കഴിയില്ല.

ഈ ഓർമപ്പെടുത്തൽ നമ്മുടെ ദൈനംദിന ജീവിതത്തെ പുനർനിർമിക്കാൻ പ്രേരിപ്പിക്കുന്നു. നബി (സ്വ) പറയുന്നു: “അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ഓർത്താൽ നിങ്ങളുടെ ഹൃദയങ്ങൾ ശാന്തമാകും’’ (സ്വഹീഹുൽ ബുഖാരി).

ഈ ചിന്തകൾ നമ്മുടെ മനസ്സിനെ നിറയ്ക്കുമ്പോൾ, നിരാശയും അസൂയയും അകന്ന് സമാധാനം കൈവരുന്നു. ഓരോ പ്രഭാതത്തിലും ഉണരുമ്പോൾ ‘അൽഹംദുലില്ലാഹ്’ (അല്ലാഹുവിന് സ്തുതി) എന്ന് പറയുന്നത് ഈ അനുഗ്രഹങ്ങളെ ആഘോഷിക്കുന്ന ലളിതമായ മാർഗമാണ്, അത് നമ്മുടെ ജീവിതത്തെ കൂടുതൽ സന്തോഷപ്രദമാക്കുന്നു.

ആകാശത്തുനിന്നും ഭൂമിയിൽനിന്നുമുള്ള അന്നം: ശാസ്ത്രം എത്ര പുരോഗമിച്ചാലും, ഫാക്ടറികളിൽ വെച്ച് കൃത്രിമമായി ഒരു മണി അരിയോ ഗോതമ്പോ ഉണ്ടാക്കാൻ നമുക്ക് കഴിയില്ല. ആകാശത്തുനിന്ന് കൃത്യസമയത്ത് മഴ പെയ്യുകയും ഭൂമി അതിനെ സ്വീകരിച്ച് വിത്തുകളെ മുളപ്പിക്കുകയും ചെയ്തെങ്കിൽ മാത്രമെ മനുഷ്യന് ആഹാരം ലഭിക്കൂ. ആകാശത്തെയും ഭൂമിയെയും നിയന്ത്രിച്ച് മനുഷ്യന് ഭക്ഷണം നൽകുന്ന ആ മഹാശക്തിയല്ലാതെ മറ്റൊരു സ്രഷ്ടാവ് ഈ പ്രപഞ്ചത്തിലുണ്ടോ എന്ന യുക്തിപരമായ ചോദ്യമാണ് അല്ലാഹു ഉന്നയിക്കുന്നത്.

നബി(സ്വ) പറയുന്നു: “ഉപജീവനം അല്ലാഹു നിശ്ചയിക്കുന്നു. അത് തേടി നടക്കുന്നവന് അത് ലഭിക്കും” (സ്വഹീഹു മുസ്‌ലിം). ഇത് നമ്മെ ഹലാൽ മാർഗത്തിൽ മാത്രം പരിശ്രമിക്കാൻ പ്രോത്സാഹിപ്പിക്കുന്നു, അതോടൊപ്പം അല്ലാഹുവിന്റെ കാരുണ്യത്തിൽ വിശ്വസിക്കാൻ ഓർമിപ്പിക്കുന്നു. ഓരോ ഭക്ഷണത്തിന്റെ പിന്നിലും ഒരു ദൈവിക ക്രമീകരണമുണ്ട്; മഴ, സൂര്യപ്രകാശം, മണ്ണിന്റെ ഫലഭൂയിഷ്ഠത ഇവയെല്ലാം. അതായത്, അന്നം നമ്മുടെ മേശയിലെത്തുന്നത് അല്ലാഹുവിന്റെ ഔദാര്യത്താൽ മാത്രം.

ആരാധനയ്ക്ക് അർഹൻ അവൻ മാത്രം (തൗഹീദ്): സ്രഷ്ടാവ് അല്ലാഹുവാണെന്നും ഭക്ഷണം നൽകുന്നവൻ അവൻ മാത്രമാണെന്നും ബോധ്യപ്പെട്ടാൽ, അതിൽനിന്നുള്ള സ്വാഭാവികമായ അടുത്ത പടി ‘അവനല്ലാതെ യാതൊരു ദൈവവുമില്ല’ (ലാ ഇലാഹ ഇല്ലാഹു) എന്ന തിരിച്ചറിവാണ്. അന്നം തരുന്നവനെ വിട്ട് മറ്റുള്ളവരുടെ മുന്നിൽ പോയി കൈനീട്ടുന്നത് എത്രമാത്രം അർഥശൂന്യമാണെന്ന് ഈ വചനം വ്യക്തമാക്കുന്നു.

നബി(സ്വ) പറയുന്നു: “തൗഹീദാണ് സ്വർഗത്തിന്റെ താക്കോൽ’’ (സ്വഹീഹുൽ ബുഖാരി). ഇത് നമ്മുടെ ജീവിതത്തെ ശാന്തവും ലക്ഷ്യവുമുള്ളതാക്കുന്നു. ദൈനംദിനത്തിൽ, ഭക്ഷണം കഴിക്കുമ്പോഴോ വെള്ളം കുടിക്കുമ്പോഴോ ‘ബിസ്മില്ലാഹ്’ (അല്ലാഹുവിന്റെ നാമത്തിൽ) എന്ന് പറയുന്നത് ഈ തിരിച്ചറിവിനെ ജീവിതത്തിന്റെ ഭാഗമാക്കുന്നു, അത് നമ്മെ കൂടുതൽ ബോധവാന്മാരാക്കുന്നു.

എങ്ങോട്ടാണ് നിങ്ങൾ തെറ്റിക്കപ്പെടുന്നത്?: വളരെ വേദനയോടെയും അത്ഭുതത്തോടെയുമുള്ള ഒരു ചോദ്യമാണിത്. സ്രഷ്ടാവ് ആരാണെന്നതിന് ഇത്രയും വ്യക്തമായ തെളിവുകളുണ്ടായിട്ടും മനുഷ്യർ എന്തിനാണ് വ്യാജ ദൈവങ്ങളിലേക്കും നിരീശ്വരവാദത്തിലേക്കും അന്ധവിശ്വാസങ്ങളിലേക്കും തിരിഞ്ഞുപോകുന്നത്? കൺമുന്നിൽ കാണുന്ന യാഥാർഥ്യങ്ങളെ നിഷേധിച്ച് സ്വയം വഞ്ചിതരാകരുതെന്ന സ്നേഹപൂർണമായ ശാസന ഈ വരികളിലുണ്ട്.

ഈ പ്രപഞ്ചം ആകസ്മികമായി ഉണ്ടായതല്ല. ഓരോ മഴത്തുള്ളിയിലും ഓരോ ചെടിയിലും സ്രഷ്ടാവിന്റെ കൈയൊപ്പുണ്ട്. ആ അനുഗ്രഹങ്ങളെ തിരിച്ചറിയുകയും അവനിലേക്ക് മാത്രം തിരിയുകയും ചെയ്യുക എന്നതാണ് മനുഷ്യന്റെ പ്രാഥമികമായ കടമ എന്ന് ഈ വചനം നമ്മെ ഓർമിപ്പിക്കുന്നു.

അനുഗ്രഹങ്ങൾ ഓർത്ത് നന്ദി പറയുക, രിസ്ഖിന്റെ യഥാർഥ ദാതാവിനെ തിരിച്ചറിയുക, തൗഹീദ് സ്ഥാപിക്കുക, തെറ്റായ വഴികളിൽനിന്ന് മടങ്ങുക. അല്ലാഹു നമ്മെ ഈ സന്ദേശത്തിന്റെ ആഴത്തിൽ നയിക്കട്ടെ!

*(തുടരും)*

# ഉമ്മ

## ഹുസ്ന മലോറം

അല്ലാഹു നമ്മൾക്ക് നൽകിയുള്ള
സമ്മാനമാണുമ്മ കൂട്ടുകാരേ.
ഉമ്മ തൻ കണ്ണ് നിറഞ്ഞിടുവാൻ
കാരണം നിങ്ങളായ് മാറീടല്ലേ.
നമ്മൾക്കു സന്തോഷമേകുവാനായ്
വേദനയേറെ സഹിക്കുന്നുമ്മ.
ത്യാഗക്കടൽ താണ്ടിയേറെയുമ്മ
നമ്മുടെ പുഞ്ചിരി കാണുവാനായ്.
'ഛെ'യെന്നവരോട് പറയല്ലാരും
കോപത്താൽ ശബ്ദമുയർത്തിടല്ലേ.
ഉമ്മതൻ തൃപ്തിയിൽ റബ്ബിൻ തൃപ്തി
ഉമ്മ തൻ കോപത്തിൽ റബ്ബിൻ കോപം
ഉപ്പതൻ കാര്യവും അതുപോൽ തന്നെ
ഇക്കാര്യം നബി ചൊല്ലിത്തന്നതാണേ.
ഉമ്മയെ ദ്രോഹിച്ചിടുന്ന മക്കൾ
വൻപാപമാണല്ലോ ചെയ്തീടുന്നു.
മുത്ത് റസൂലിന്റെ വചനമോർക്കാം
ഹൃദയത്തിലുമ്മാക്കിടം കൊടുക്കാം.
ഉമ്മാക്ക് നന്മകൾ ഏറെ ചെയ്താൽ
ഇഹപര ജീവിതം നന്നായിടും.
ഉമ്മയെ ദ്രോഹിച്ചിടുന്ന മക്കൾ
നരകത്തിൽ ചെന്നു പതിക്കുമോർക്കൂ...
■




Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

മക്കൾക്ക് വ്യവസ്ഥാപിതമായ
മതപഠനം നൽകാൻ
ആഗ്രഹിക്കുന്നുവോ?

SCHOOL OF Qur'an

JAMIA AL HIND AL ISLAMIYYA

# സ്കൂൾ ഓഫ് ഖുർആൻ



**പ്രാദേശിക സെന്ററുകളിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു**

## സവിശേഷതകൾ

- 18 വർഷം നീണ്ടുനിൽക്കുന്ന തുടർച്ചയായ മതപഠനം
- തജ്‌വീദിൽ പരിശീലനം നേടിയ പരിചയസമ്പന്നരായ അധ്യാപകർ
- പഠന പ്രവർത്തനങ്ങൾക്ക് കേന്ദ്രീകൃത മോണിറ്ററിംഗ് സംവിധാനം
- ഹദീസ്, അറബി, അഖീദ, കർമ്മം, സ്വഭാവം, ഇസ്‌ലാമിക ചരിത്രം: നവീനരീതിയിൽ തയ്യാറാക്കിയ പഠന രീതികളും പഠന സാമഗ്രികളും
- രക്ഷിതാക്കൾക്ക് വ്യവസ്ഥാപിതമായ സിലബസ് അനുസരിച്ചുള്ള പാരന്റിങ് ക്ലാസുകളും മൂല്യ നിർണയവും
- വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും കൗൺസിലിംഗ് ഡെസ്ക് സൗകര്യം
- നൂർ ആപ്പ് : സൗജന്യ ഖുർആൻ മൊബൈൽ ആപ്പ്
- സ്കിൽ ഡെവലപ്മെന്റ് ആക്ടിവിറ്റികളോടെയുള്ള പ്രീസ്കൂൾ പഠനം
- ഖുർആൻ പാരായണം മികവുറ്റതാക്കാൻ അൽഖാഇദത്തുന്നൂറാനിയ്യ കോഴ്സ്
- ഓൺലൈൻ ഫോളോഅപ്പിനായി ട്രാക്കർ ആപ്ലിക്കേഷൻ

- നാല് മുതൽ അഞ്ചര വയസ് വരെയുള്ളവർക്ക് പ്രീ സ്കൂളിലേക്ക് പ്രവേശനം
- ജൂൺ ഒന്നിന് ആറര വയസ് കവിയാത്ത, സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്നവർക്ക് ഗ്രേഡ് ഒന്നിലേക്ക് പ്രവേശനം
- 2,3 ഗ്രേഡിലേക്ക് പ്രവേശന പരീക്ഷയിലൂടെ നേരിട്ട് അഡ്മിഷൻ
- ഞായറാഴ്ചകളിലും, പൊതു അവധി ദിവസങ്ങളിലും മാത്രം ഫിസിക്കൽ ക്ലാസുകൾ

**അപേക്ഷകർ QR CODE സ്കാൻ ചെയ്ത് ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് അപേക്ഷാഫോം പൂരിപ്പിക്കുക.**

**+91 86067 88882 | +91 75940 88003**

Head Office: Jamia Al-Hind Al-Islamiyya | Wadi Al Hikma
Jamia Campus | Mini Ootty | Oorakam| Malappuram | Kerala- 676519

www.schoolofquran.in  Info@schoolofquran.in

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on
21 March2026

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-




മൂല്യബോധമുള്ള തലമുറയ്ക്കായി
ജീവിത നൈപുണികളോടെ.

ശാന്തവും സുരക്ഷിതവുമായ പഠനാന്തരീക്ഷം.

CBSE Syllabus

# GreenHome

Residential Campus For Boys & Girls

**Std 5 to Std IX**

**2nd ADMISSION Selection Camp**

**11** 2026 April Saturday 9:30AM-4PM

## ഗ്രീൻ ഹോം പ്രത്യേകതകൾ:

- **അക്കാദമിക് മികവും മെന്ററിംഗും:**
  വ്യക്തിഗത ശ്രദ്ധ ഉറപ്പാക്കുന്ന മികച്ച മെന്ററിംഗ് സിസ്റ്റവും കൗൺസിലിംഗ് സൗകര്യങ്ങളും.
- **ധാർമിക വിദ്യാഭ്യാസം:**
  സ്കൂൾ പഠനത്തോടൊപ്പം ഖുർആൻ പഠനം, പ്രാർത്ഥനാ ശീലങ്ങൾ, മതബോധം എന്നിവയിൽ ഊന്നിയുള്ള ജീവിതക്രമം.
- **ഡിജിറ്റൽ ഡിറ്റോക്സ്:**
  മൊബൈൽ അഡിക്ഷനിൽ നിന്ന് മാറി നിൽക്കാം
- **സുരക്ഷിത ക്യാമ്പസ്:**
  സൽസ്വഭാവവും ആത്മവിശ്വാസവും വളർത്താനുതകുന്ന സ്വസ്ഥമായ താമസ-പഠന സൗകര്യം
- **കഴിവുകളുടെ വികാസം:**
  കല, കായികം, ലീഡർഷിപ്പ് പരിശീലനങ്ങൾ. കൂടാതെ പീസ് റേഡിയോയിലൂടെ ആശയവിനിമയ മികവ് വളർത്താൻ പ്രത്യേക അവസരം.







GREEN HOME
RESIDENTIAL CAMPUS

GREEN VALLEY
PUBLIC SCHOOL

91 9061 716 600
91 9061 786 600, 91 9061 746 600

Green Valley Campus, P.O.Nellikkaparamba, Mukkam, Kozhikode E-mail: info@greenvalleycampus.com | www.greenvalleycampus.com